# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.റ്റി.വി.എം./ജിപി.14/2067/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.റ്റി.വി.എം./ജിപി.14/2067/2022 തീയ്യതി: 07/01/2023

## തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 18-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ .കെ.വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി തനൂജ .എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ .സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന .എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലിസി ജി.ജെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നൈസാം എസ് | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീ പ്രദീപ് എസ് | സെക്രട്ടറി | 29-06-2021 | 07-07-2021 |
| ശ്രീമതി ബെറ്റി ജെ ടീസ | സെക്രട്ടറി | 08-07-2021 | 14-09-2021 |
| ശ്രീ പ്രദീപ് എസ് | സെക്രട്ടറി | 15-09-2021 | 30-09-2021 |
| ശ്രീമതി ബെറ്റി ജെ ടീസ | സെക്രട്ടറി | 01-10-2021 | 08-02-2022 |
| ശ്രീ പ്രദീപ് എസ് | സെക്രട്ടറി | 09-02-2022 | 11-02-2022 |
| ശ്രീമതി ബെറ്റി ജെ ടീസ | സെക്രട്ടറി | 12-02-2022 | 16-02-2022 |
| ശ്രീ പ്രദീപ് എസ് | സെക്രട്ടറി | 17-02-2022 | 23-02-2022 |
| ശ്രീ കൃഷ്ണകുമാർ ഇ.എസ് | സെക്രട്ടറി | 24-02-2022 | 31-03-2022 |
| ശ്രീമതി ആശ . എസ് .നായർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ദിലീപ് ചന്ദ്രൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ . രാജൻ .ആർ .വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 27-05-2021 |
| ഡോ.അശ്വതി.എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 28-05-2021 | 12-01-2022 |
| ഡോ.സീബ ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 13-01-2022 | 31-03-2022 |
| ഡോ. പത്മ കേസരി | മെഡിക്കൽ ഓഫീസർ, സി എച്ച് സി . കല്ലറ | 01-04-2021 | 31-03-2022 |
| ശ്രീ റിയാസ് . എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2021 | 06-09-2021 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 07-09-2021 | 16-09-2021 |
| ശ്രീ സനൽ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 17-09-2021 | 31-03-2022 |
| ശ്രീ ഷാനവാസ് .എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2021 | 06-09-2021 |
| ശ്രീമതി ചന്ദ്രലക്ഷ്മി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 07-09-2021 | 11-03-2022 |
| ശ്രീ സനൽ കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 12-03-2022 | 31-03-2022 |
| ശ്രീമതി രമാകുമാരി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 30-09-2021 |

| | | | |
|---|---|---|---|
| ശ്രീ വിഷ്ണു .ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2021 | 29-12-2022 |
| ശ്രീ ഉണ്ണികൃഷ്ണൻ . ജെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-12-2021 | 31-03-2022 |
| ശ്രീ ശ്രീകുമാർ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 08-07-2021 |
| ശ്രീമതി ദീപ ബി.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-07-2021 | 31-03-2022 |
| ശ്രീ പ്രദീപ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി രമാദേവി ആർ | ഹെഡ്മിസ്ട്രസ് | 01-04-2021 | 05-06-2021 |
| ശ്രീ ജിഷ്ണുലാൽ.ഡി.എസ് | ഹെഡ്മിസ്ട്രസ് | 06-06-2021 | 27-10-2021 |
| ശ്രീ ബിജു.ബി.കെ | ഹെഡ്മിസ്ട്രസ് | 28-10-2021 | 31-03-2022 |
| ശ്രീമതി രമണി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് അപാകങ്ങൾ | 1-1-1 |
| 3 | ബജറ്റ് അവലോകനം നടത്തിയിട്ടില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 5 | അക്കൗണ്ട്സ് അപാകതകൾ | 1-2-1 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-5-1 |
| 10 | രജിസ്റ്റർ ചെയ്യപ്പെടുന്ന മരണം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല | 1-5-2 |
| 11 | ഒരേ വ്യക്തിക്ക് രണ്ട് പെൻഷൻ അനുവദിച്ചിരിക്കുന്നു. | 1-5-3 |
| 12 | ക്യാഷ് പരിശോധന | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 16 | ലേലം തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 1-10 |
| 17 | ബിൽഡിംഗ് പെർമിറ്റ് അപാകങ്ങൾ | 1-11 |
| 18 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - കാര്യക്ഷമമല്ല | 1-12 |
| 19 | വാടകയുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-13 |
| 20 | കോവിഡ് : വാടക ഒഴിവാക്കൽ ക്രമപ്രകാരമല്ല | 1-13-1 |
| 21 | വാടക പിരിച്ചെടുക്കുന്നതിൽ കാലതാമസം | 1-13-2 |
| 22 | ലൈസൻസ് അപാകങ്ങൾ | 1-14 |
| 23 | ലൈസൻസ് - അപാകങ്ങൾ :ലൈസൻസ് ഫീസ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-14-1 |
| 24 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14-2 |
| 25 | ഇറച്ചി വില്പന – സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-14-3 |
| 26 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 1-14-4 |
| 27 | തൊഴിൽ നികുതി അപാകങ്ങൾ | 1-15 |
| 28 | തൊഴിൽ നികുതി - അപാകങ്ങൾ : സ്ഥാപന തൊഴിൽ നികുതി ഒടുക്കീയിട്ടില്ല | 1-15-1 |
| 29 | റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നില്ല | 1-15-2 |
| 30 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-15-3 |

| | | |
|---|---|---|
| 31 | വസ്തു നികുതി അപാകങ്ങൾ | 1-16 |
| 32 | വസ്തു നികുതി - അപാകങ്ങൾ : 60 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചു | 1-16-1 |
| 33 | ഉപയോഗക്രമം നിശ്ചയിച്ചതിലെ പിഴവ് മൂലം അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്നു | 1-16-2 |
| 34 | മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-16-3 |
| 35 | കെട്ടിടങ്ങളുടെ വസ്തുനികുതി : കുടിശ്ശിക പിരിച്ചെടുത്തില്ല | 1-16-4 |
| 36 | നികുതി ഇളവ് നൽകിയതിൽ അപാകത | 1-16-5 |
| 37 | വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകത | 1-16-6 |
| 38 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല | 1-17 |
| 39 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 981250/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 40 | വനിതകൾക്ക് കോഴി വളർത്തൽ- രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 41 | മരുന്ന് വാങ്ങൽ - 135018 രൂപയുടെ മരുന്ന് ലഭിക്കുവാനവശേഷിക്കുന്നു. | 1-20 |
| 42 | മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-21 |
| 43 | ഐ.കെ.എം-ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 85833/- രൂപയുടെ ചെലവു തടസ്സം | 1-22 |
| 44 | പഞ്ചായത്ത് ഓഫീസ് യുപി എസിന് എ എംസി-രേഖകളുടെ അഭാവത്തിൽ 9440/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 45 | സർവ്വ ശിക്ഷാ അഭിയാൻ- തുടർപ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ് | 1-24 |
| 46 | നിക്ഷേപ പ്രവൃത്തികളുടെ രേഖകൾ ലഭ്യമാക്കിയില്ല - 2595667/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 47 | പ്രവർത്തനസജ്ജമാകാത്ത പകൽവീടിന് ഉപകരണങ്ങൾ വാങ്ങി - 198480/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 48 | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-27 |
| 49 | വി. ഇ. ഒ. നടപ്പാക്കിയ വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന രേഖകൾ /രജിസ്റ്ററുകൾ അപൂർണ്ണം | 1-28 |
| 50 | ഹരിത കർമ്മസേന മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-29 |
| 51 | ഹരിത കർമ്മ സേന ഫീസ് രസീത്ബുക്കുകളുടെ സ്റ്റോക്ക് /വിതരണ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 1-30 |
| 52 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-31 |
| 53 | ആസ്തി സംരക്ഷണം ഫലപ്രദമല്ല | 1-32 |
| 54 | റോഡ് കണക്റ്റിവിറ്റി മാപ്പ്-തയ്യാറാക്കിയിട്ടില്ല | 1-33 |
| 55 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് -കരാറുകാരന് 18177 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് . | 1-34 |
| 56 | പാഥേയം പദ്ധതി - രേഖകൾ ലഭ്യമല്ല ചെലവു തുക 1175040 രൂപയുടെ ചെലവ് | 1-35 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 57 | പഠന മുറി നിർമ്മാണം -മാർഗ്ഗ രേഖപ്രകാരമുള്ള നിബന്ധന പാലിക്കുന്നില്ല | 1-36 |
| 58 | പഠന മുറി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-36-1 |
| 59 | ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മാലിന്യ സംസ്കരണ പദ്ധതികൾപൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല . | 1-37 |
| 60 | ഇ ടെണ്ടർ ഫോം വില ലഭ്യമായിട്ടില്ല | 1-38 |
| 61 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രേഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-39 |
| 62 | ടേക്ക് എ ബ്രേക്ക് സമുച്ചയത്തിനൊപ്പമുള്ള കഫറ്റേരിയ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല | 1-40 |
| 63 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ടുകളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല 2772518 /-രൂപ തടസ്സം ചെയ്യുന്നു | 1- 41 |
| 64 | ബ്ളോക്ക് പഞ്ചായത്ത് കൈമാറിയ ബ്രിക്സ് യൂണിറ്റ് ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-42 |
| 65 | ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തിക്കുന്നില്ല | 1-43 |
| 66 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ; ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിലും വിതരണം ചെയ്തതിലും വ്യാപകമായ പൊരുത്തക്കേട് | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 20.02.21ലെ 1(1) നമ്പർ തീരുമാന പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഇതനുസരിച്ച് മുൻബാക്കി 22058923/- രൂപയും, പ്രതീക്ഷിത വരുമാനം 867160000/-രൂപയും ചേർത്ത് ആകെ വരവ് 889218923/-രൂപയും ആകെ ചെലവ് 878328400/-രൂപയും നീക്കിബാക്കി 10890523/-രൂപയും ആണ്.

### 1-1-1 ബജറ്റ് അപാകങ്ങൾ

1.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെന്റർ ബജറ്റ്

ബജറ്റ് കുറിപ്പുകൾ, പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല.പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 നുള്ള മറുപടി ലഭിച്ചില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്. പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്.ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം | എ.എഫ്.എസ്.പ്രകാരം |
|---|---|---|---|
| 1 | വസ്തു നികുതി | 5500000 | 3854842 |
| 2 | ലൈസൻസ് ഫീ | 1000000 | 293625 |
| 3 | തോഴിൽ നികുതി | 3000000 | 1985296 |
| 4 | പഞ്ചായത്ത് ഭൂമിയുടെയും കെട്ടിടങ്ങളുടെയും വാടക | 2000000 | 892371 |
| 5 | ആഡിറ്റോറിയം, ഹാൾ എന്നിവയുടെ വാടക | 100000 | 11000 |
| 6 | പെർമിറ്റ് ഫീ | 400000 | 145828 |

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 42 ന് മറുപടി ലഭിച്ചില്ല.

3.ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)).എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23-ലെ ബജറ്റിനൊപ്പമാണ് 2021-22-ലെ റിവൈസ്ഡ് ബജറ്റ് പാസാക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 42 ന് നുള്ള മറുപടി ലഭിച്ചില്ല.

4.ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| 1 | Education - Related Activities | 2511013 | 200000 | 425000 |
| 2 | Public Health Programme | 2512002 | 1200000 | 1255750 |
| 3 | Sanitation And Waste Management | 2512026 | 500000 | 917296 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 42ന് മറുപടി ലഭിച്ചില്ല.

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ബജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള ചെലവ് അനവദനീയമല്ലാത്തതും ഓഡിറ്റ് അധികാരികൾക്ക് തടസ്സപ്പെടുത്താൻ സാധിക്കുന്നതാണെന്നും 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസ്സാക്കിയ ഫിനാൻസ് മാനേജ്മെന്റ് മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ്-ചെലവുകൾ കണക്കിലെടുത്ത് ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-1-2 ബജറ്റ് അവലോകനം നടത്തിയിട്ടില്ല

2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)].

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ,ജനറൽ കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ മേൽ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ലഭ്യമായില്ല.

ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9ന് മറുപടി ലഭിച്ചില്ല. ബജറ്റ് മാന്വൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.05.2022 |

## 1-2-1 അക്കൗണ്ട്സ് അപാകതകൾ

2021-2022 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം Benificiary Contribution (320800101) ഇനത്തിൽ 27814/- രൂപയും നീക്കിയിരിപ്പുണ്ട്. ആയത് ചെലവഴിക്കുകയോ തിരികെ നൽകുകയോ ചെയ്തിട്ടില്ല.

3. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-18 Schedule പ്രകാരം താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

Advance To Implementing Officers – Deposit With Kerala State Electricity Boardഇനത്തിലും Advance To Implementing Officersഇനത്തിലും 2020-21 മുതൽ ഒരേ തുകയാണ് നീക്കിയിരിപ്പ്. ആയതിന്റെ വിശദാംശവും മുൻകുറുകൾ നാളിതുവരെ ക്രമീകരിക്കാത്തതിന് വിശദീകരണവും ലഭ്യമായില്ല.

| അക്കൗണ്ട് കോഡ് | ഇനം | തുക |
|---|---|---|
| 460500201 | Advance To Implementing Officers – Deposit With Kerala Water Authority | 7747622 |
| 460500202 | Advance To Implementing Officers – Deposit With Kerala State Electricity Board | 40149 |
| 460500205 | Advance To Implementing Officers – Deposit With Public Works Department | 28884 |
| 460500501 | Advance To Implementing Officers | 318622 |
| 460509901 | Advance To Others | 1283562 |

4. 2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-15 Schedule പ്രകാരം താഴെ പറയുന്ന വരവുകളിൽ നിലനിൽക്കുന്ന കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമായില്ല.

| | |
|---|---|
| Rent Receivables From Building (Arrear) | 236552 |
| Rent Receivables From Lease Of Land (Current) | 5616 |
| Receivables From Market Receipt(arrear) | 1327247 |
| Receivables From Bus Stand Receipt(current) | 80000 |
| Receivables From Bus Stand Receipt(arrear) | 108000 |
| Receivables Towards Slaughter House(arrear) | 9000 |
| Receivables Towards Public Comfort Station Receipt(current) | 100000 |
| Receivables Towards Public Comfort Station Receipt(arrear) | 126000 |

5. 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിഹിതമായി ലഭ്യമായതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം (റവന്യൂ) | 724614 |
| 2 | 320700205 | ജില്ല പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കുള്ള വിഹിതം (റവന്യൂ) | 119750 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. പ്രസ്തുത തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ഇല്ലെങ്കിൽ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറാത്തതിനും അക്കൗണ്ട് സീറോ ബാലൻസ് ആക്കാത്തതിനും വിശദീകരണം ലഭ്യമായില്ല.

6.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമായില്ല.

7.RP- 40 B പ്രകാരം Treasury Special TSB- Joint Venture അക്കൗണ്ടിൽ 871959/-രൂപ ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ ബാലൻസ് ഷീറ്റ് (ബി4)പ്രകാരം Joint Venture Projects For Revenue Expenditure- From Block Panchayat ഇനത്തിൽ 724614/- രൂപയും Joint Venture Projects For Revenue Expenditure- From District Panchayat ഇനത്തിൽ 119750/- രൂപയുമാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്. Joint Venture അക്കൗണ്ടിലും തൻവർഷ ബാലൻസ് ഷീറ്റ് (ബി4) ലും നീക്കിയിരിപ്പിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമായില്ല.

8.RP- 40 B പ്രകാരം IOB-ICDS അക്കൗണ്ടിൽ 2030739/-രൂപ ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ

ബാലൻസ് ഷീറ്റ് (ബി4)പ്രകാരം Centrally Sponsored Scheme-icds ഇനത്തിൽ 2736921/- രൂപയുമാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്. അക്കൗണ്ടിലും തൻവർഷ ബാലൻസ് ഷീറ്റ് (ബി4) ലും നീക്കിയിരിപ്പിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമായില്ല.

9.ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 115343/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റിയിട്ടില്ല.

10. 2021-22സാമ്പത്തിക വർഷം 14/22- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിയ്ക്കായി 109525/- രൂപയും 188/22 -മുളയിൽക്കോണം അംഗണവാടിയ്ക്ക് വൈദ്യുതി കണക്ഷൻ എന്ന പദ്ധതിയ്ക്കായി52391രൂപയും ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ഇ.ബിയ്ക്കും നൽകിയിട്ടുണ്ട്. എന്നാൽ ആയത് ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് അക്കൗണ്ട്സിൽ ചെലവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത് .എന്നാൽ വിനിയോഗസാക്ഷ്യ പത്രം 10/22 ആണ് ലഭിച്ചിട്ടുള്ളത്.

11.AFS പ്രകാരം Capital Work In Progress ഇനത്തിൽ 425201/- രൂപയാണ് നീക്കിയിരിപ്പായിട്ടുള്ളത്. എന്നാൽ AE നൽകിയpart Bill പ്രകാരം 682518/-രൂപയാണ് ആസ്തി നിർമ്മാണത്തിനായി ചെലവഴിച്ചത്.

12.MNREGS Cashbook പ്രകാരമുള്ള വരവ് ചെലവ് അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം | | | | |
| 23400 | 1117945 | 1141345 | 1141075 | 270 |
| അക്കൗണ്ട്സ് പ്രകാരം | | | | |
| 23400 | 1116512 | 1139912 | 1139642 | 270 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -26/തീയതി 21.10.22 ന് മറുപടി ലഭിച്ചില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

13. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 21-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2022 മാർച്ച് മാസത്തെ വേതനം (MNREGS), ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ ആയത് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 35/തീ.26.08.22 നുള്ള മറുപടിയിൽ സ്ഥിരം ജീവനക്കാരുടെ കുടിശ്ശിക രേഖപ്പെടുത്തുന്നതിനുള്ള ഹെഡുകൾ മാത്രമാണ് സോഫ്റ്റ്‍വെയരിൽ നിലവിലുള്ളതെന്നും ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി എന്നിവ മുൻകൂറായി അറിയാൻ കഴിയാത്തതിനാലാണ് കുടിശ്ശികയായി രേഖപ്പെടുത്താത്തതെന്നും അറിയിച്ചിരിക്കുന്നു.

14.B 9 ഷെഡ്യൂളിലെ താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പായുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Government And Other Dues Payable-Library Cess | 193183 |
| Government And Other Dues Payable-value Added Tax | 544 |
| Government And Other Dues Payable-CGST | 26178 |
| Government And Other Dues Payable-SGST | 26188 |
| Government And Other Dues Payable-TDS-CGST | 2048 |
| Government And Other Dues Payable-TDS-SGST | 2048 |

പ്രസ്തുത തുകകൾ സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 35/തീയതി. 26.08.22 നുള്ള മറുപടിയിൽ Library Cess, Value Added Tax എന്നിവ ഒഴികെ ഉള്ളവ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ആയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

15.വാർഷിക ധനകാര്യപത്രികപ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക | ഓഡിറ്റ് എൻക്വയറി 35/തീയതി 26.08.22 നുള്ള മറുപടി |
|---|---|---|---|
| വികസനഫണ്ട് CFC(tied) | 5090000 | 4538107 | 5090000 രൂപ 2021-22 സാമ്പത്തിക വർഷത്തെ വരവും 4538107 രൂപ ട്രഷറി വഴിയും ഇ-ഗ്രാമസ്വരാജ് വഴിയും നൽകിയ തുകയാണെന്നും ആയതിൽ 8192/- രൂപ ഇ-ഗ്രാമസ്വരാജ് വഴിയുള്ള ഡിഡക്ഷൻതുക 11.05.2022 ലാണ് ഒടുക്കുവരുത്തിയതെന്നും അറിയിച്ചിരിക്കുന്നു. |
| വികസനഫണ്ട് CFC(untied) | 3454839 | 4232305 | 3454839/- രൂപ 2021-22 സാമ്പത്തിക വർഷത്തെ വരവും 4232305/- രൂപ ട്രഷറി വഴിയും ഇ-ഗ്രാമസ്വരാജ് വഴിയും നൽകിയ |

| | | | |
|---|---|---|---|
| | | | തുകയാണെന്നും അറിയിച്ചിരിക്കുന്നു. |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5560455 | 5927667 | പ്രോജക്റ്റ് നം. 25/22പ്രകാരം 367212/-രൂപ അലോട്ട്മെന്റ് നൽകിയെങ്കിലും ബിൽ ട്രഷറിയിൽ സ്വീകരിക്കാത്തതാണ് വ്യത്യാസത്തിന് കാരണമെന്ന് അറിയിച്ചിരിക്കുന്നു. |

16. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 450000/- രൂപ സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം/തീയതി | തുക |
|---|---|
| 27/21-22 Dt.14.02.22 | 90000/- |
| 30/21-22 Dt.5.03.22 | 180000/- |
| 31/21-22 Dt.5.03.22 | 90000/- |
| 41/21-22 Dt.27.03.22 | 90000/- |

RP-7, I(6), I(14 D) എന്നിവയിൽ 360000/- രൂപയാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 35/തീയതി 26.08.22 നുള്ള മറുപടിയിൽ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ ശ്രീമതി ഷെർളി, ശ്രീമതി സിന്ധു, ശ്രീമതി രമ എന്നിവർക്ക് 30000/-രൂപ വീതം 90000/-രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് നൽകിയിരുന്നുവെന്നും ടി ഗുണഭോക്താക്കൾക്ക് 2020-21 ലും ഇതേ ആനുകൂല്യം നൽകിയതിനാൽ കൈപ്പറ്റിയ തുക ട്രഷറിയിൽ തിരിച്ചടച്ചതായും അറിയിച്ചിരിക്കുന്നു. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12922736 | 12922736 | 16782702 | -3859966 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8037044 | 8037044 | 7712716 | 324328 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 9893700 | 9893700 | 4538107 | 5355593 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5628215 | 5628215 | 4232305 | 1395910 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 8180304 | 8180304 | 5560455 | 2619849 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8871623 | 8871623 | 7098733 | 1772890 |

ഗ്രാന്റ് യൂട്ടിലൈസേഷൻ - അപാകങ്ങൾ

1.ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 16782702 | 11452991 |
| വികസനഫണ്ട്(എസ്.സി.പി) | 7712716 | 7313360 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5560455 | 5927667 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സ്റ്റേറ്റ് സ്പോൺസേഡ് സ്കീം എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായില്ല യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് (-3859966) ആണ്. ആയത് വിശദീകരിക്കേണ്ടതാണ്.

3.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1(5), 5.4.1(8) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, പട്ടിക ജാതി ഉപപദ്ധതി എന്നിവയുടെ 30 ശതമാനത്തിൽ അധിക തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കൂടിയ തുക യഥാക്രമം 437400/- രൂപയും 2321700/- രൂപയുമാണ്. എന്നാൽ പശ്ചാത്തല മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുകയാണ് വകയിരുത്തിയിട്ടുള്ളത്. വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ടിലെ സാധാരണ വിഹിതം | 18683800 | 16782702 | 89 |
| പട്ടിക ജാതി ഉപപദ്ധതി | 9133800 | 7712716 | 84 |

4. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്സ്കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100121 | CSS-ICDS | 2,736,921 |
| 2 | 320200111 | Development Fund-CFC Grant Tied | 3,074,336 |
| 3 | 320200112 | Development Fund-CFC Grant Untied | 220,018 |
| 4 | 320200309 | Literacy Scheme Grant | 490,378 |
| 5 | 320200322 | Grants From Suchitwa Mission | 2,130,571 |
| 6 | 320200199 | Grants, Funds & Contributions For Specific Purposes- Other Than Development Fund And State Sponsored Scheme | 818,100 |
| 7. | 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies 47,469.00 | 47,469 |
| 8 | 320700204 | Contributions For Joint Venture Projects For Revenue Expenditure-From Block Panchayats | 724,614 |
| 9 | 320700205 | Contributions For Joint Venture Projects For Revenue Expenditure-From District Panchayats | 119,750 |
| 10 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)-From Block Panchayats | 25,000 |
| 11 | 320800101 | Beneficiary Contributions | 27,814 |
| 12 | 320800199 | Other Grants, Funds & Contributions For Specific Purposes - | 272,125 |

| | | | |
|---|---|---|---|
| | | Capital | |
| 13 | 320800202 | Donations Related To Pandemic/Epidemic Control | 47,408 |
| 14 | 350200301 | Recoveries Payable -Covid | 132,400 |

ക്രമ നം. 6, 10, 12, 14 എന്നീ ഹെഡുകളിലെ നീക്കിയിരിപ്പ് തുകകൾ 2020-21 ലെ നീക്കിയിരിപ്പ് തുകകൾ തന്നെയാണ്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ തുകകൾ വരവായി ലഭിച്ച വർഷം, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് , തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം, ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ഹെഡ് തിരിച്ചടച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -30/ തീയതി 25.10.22ന് മറുപടി ലഭിച്ചില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണവും ആയതിനെ സാധൂകരിക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി അവലോകനം

2021-22 ൽ കല്ലറ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 113917865 | 142 | 61248050 | - | 46 | 54 |

(ബി) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 9 | 9 | 0 | 100 | 3632415 | 3614332 | 99 |
| Ii | വെറ്റിനറി സർജൻ | 5 | 4 | 1 | 80 | 5021250 | 2552882 | 51 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 5 | 5 | 0 | 100 | 2890000 | 2725880 | 94 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 5 | 0 | 100 | 1145000 | 1144999 | 99 |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – | 18 | 13 | 5 | 72 | 32899888 | 11745698 | 35 |
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6 | 2 | 75 | 4204408 | 3913992 | 93 |
| Vii | സെക്രട്ടറി | 39 | 30 | 9 | 82 | 16011594 | 13075755 | 81 |
| Viii | അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 62 | 22 | 74 | 40016939 | 19149482 | 48 |
| Ix | എച്ച്.എം. | 4 | 1 | 3 | 25 | 601274 | 148763 | 25 |
| X | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 1 | 1 | 50 | 2883597 | 959727 | 33 |
| Ix | അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 1 | 86 | 4611500 | 2216540 | 48 |
| ആകെ | | 188 | 142 | 46 | 75 | 113917865 | 61248050 | 54 |

1) ആകെ വകയിരുത്തിയതിന്റെ 54 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് . ഇത്തരത്തിൽ ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

എ) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 84 പ്രോജക്ടുകളിൽ 62 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ആകെ

വകയിരുത്തിയ ഫണ്ടിന്റെ 48 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി)ഹെഡ് മാസ്റ്റർ തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 3 പ്രോജക്ടുകളിൽ ഒരെണ്ണം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് വിനിയോഗം 25% ശതമാനം മാത്രമാണ്.

3)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | SO133/22 | ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2 | SO128/22 | ലൈഫ് -ബ്ളോക്ക് വിഹിതം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3 | 148/22 | കല്ലറ ഗ്രാമ പഞ്ചായത്ത് ഓഫീസ്, സ്കൂളുകൾ -എയ്റോബിക് യൂണിറ്റ് സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | 145/22 | ഓറംകോട് ചെറുവാളം റോഡ് മെയിന്റനെൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5 | 149/22 | കല്ലറ പബ്ളിക്ക് മാർക്കററിൽ ഉമ്പൂർ മുഴി ഏയ്റോബിക്ക് കമ്പോസ്റ്റ് യൂണിററ് സ്ഥാപിക്കൽ.<br>(പദ്ധതിക്ക് 2020-21 വർഷം 316595/- രൂപ ചെലവുണ്ട്) | അസിസ്റ്റന്റ് എഞ്ചിനീയർ |

പദ്ധതികൾ നടപ്പിലാക്കാതിരുന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 38/27-10-22 ലഭ്യമാക്കിയ മറുപടിയിൽ സ്ഥല ലഭ്യത കുറവും ഫണ്ട് മാറി ചെലവഴിച്ചതിനാലും ക്രമ നം. 3, 5 പദ്ധതികൾ നടത്താനാവാത്ത അവസ്ഥയിലാണെന്നറിയിച്ചിട്ടുണ്ട്.

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണ സമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടില്ല.

ബി) 2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തലില്ല. ആസൂത്രണ സമിതി മിനുട്സ് പേജ് നം 19- ൽ 12 പേരുടെ ഒപ്പു മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പേജ് 21 ൽ 9 പേരുടെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) വികസന സെമിനാർ

17-2-21 ൽ ചേർന്ന വികസന സെമിനാറിൽ പ്രത്യേക തീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

(ഡി) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽ പുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ

അപ്രകാരം പുനഃസംഘടിപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മൂന്ന് തീയതികളിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പരിഷ്കരിച്ച അവസ്ഥ രേഖ ലഭ്യമാക്കിയില്ല .

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനം നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന്( 38/27-10-22) ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല . വർക്കിംഗ് ഗ്രൂപ്പുകൾ ആകെ ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് . പാർപ്പിടം വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സിൽ രേഖപ്പെടുത്തൽ ഇല്ല

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | സാമൂഹ്യ ക്ഷേമം | 2-2-21 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ബഡ്സ് സ്കൂൾ ആരംഭിക്കൽ |
| 2 | പട്ടിക ജാതി | 2-2-21 | പഠനമുറി ധന സഹായം ഒരു ലക്ഷം എന്നത് രണ്ടു ലക്ഷമാക്കുക |
| 3 | വിദ്യാഭ്യാസം, കല, സംസ്കാരം | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | കുടിവെള്ള സൗകര്യം ലഭ്യമാക്കൽ , അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ മാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കൽ, |
| 4 | ചെറുകിട വ്യവസായം | 2-2-21 | ഹോളോ ബ്രിക്സ് മെഷീൻ യൂണിറ്റ് നടത്തിപ്പ് |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം 37/28-10-22) ലഭ്യമാക്കുകയുണ്ടായില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | വനിതാ വികസനം | ഗുരുതരം | തൊഴിലുറപ്പ് പദ്ധതിയിൽ നൂറു ദിവസത്തെ തൊഴിൽ നൽകാൻ കഴിയാത്തത് |
| Ii | പട്ടിക ജാതി | അതീവ ഗുരുതരം | ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തത് |
| Iii | ആരോഗ്യം | ഗുരുതരം | മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള ക്ഷാമം |
| Iv | കുടിവെള്ളം | ഗുരുതരം | മാലിന്യ സംസ്കരണത്തിന് സൌകര്യം ഇല്ലാത്തത് |

| | | | |
|---|---|---|---|
| V | കുടിവെള്ളം | അതീവ ഗുരുതരം | കുടിവെള്ള ക്ഷാമം |

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 12948400 |
| വിധവാപെൻഷൻ | 22552300 |
| വാർദ്ധക്യകാല പെൻഷൻ | 41215000 |
| വികലാംഗ പെൻഷൻ | 5045000 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 360000 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 578000 |

ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മസ്റ്റർ ചെയ്ത തീയതി | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ഉമയമ്മ | 102470101423 | കർഷക തൊഴിലാളി പെൻഷൻ | 12/12/19 | 20.04.21 | സസ്പെൻഡ് | 05/2021-06/2021 | 3200 |
| 2 | ഡി കുമാർ | 102470203343 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/12/2019 | 27.04.21 | ആക്ടീവ് | 05/21-09/22 | 27200 |
| 3 | കല്യാണി കെ | 102470100087 | കർഷക തൊഴിലാളി പെൻഷൻ | 23/12/2019 | 11.05.21 | സസ്പെൻഡ് | 06/21 | 1600 |
| 4 | വാമദേവൻ.കെ | 102470201458 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13/12/2019 | 10.05.2021 | ആക്ടീവ് | 06/21-09/22 | 25600 |
| 5 | അർജ്ജുനനാശാരി | 102470200226 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09/12/2019 | 18.05.2021 | ആക്ടീവ് | 06/21-09/22 | 25600 |
| 6 | സരസ്വതി അമ്മ | 102470100613 | കർഷക തൊഴിലാളി പെൻഷൻ | 14/12/2019 | 22.06.2021 | സസ്പെൻഡ് | 07/21-12/21 | 19200 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | ശശിധരൻ നായർ | 102470200499 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10/12/2019 | 25.06.2021 | സസ്പെൻഡ് | 07/21-08/21 | 3200 |
| 8 | ശാരദ | 102470101375 | കർഷക തൊഴിലാളി പെൻഷൻ | 30/03/2020 | 25.08.2021 | ആക്ടീവ് | 09/2021-08/22 | 19200 |
| 9 | സരസ്വതി അമ്മ റ്റി | 102470601095 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 11/12/2019 | 03.11.2021 | സസ്പെൻഡ് | 11/2021-12/2021 | 3200 |
| 10 | സുമുഖി അമ്മ | 102470101403 | കർഷക തൊഴിലാളി പെൻഷൻ | 09/12/2019 | 15.11.2021 | സസ്പെൻഡ് | 11/2021-02/2022 | 6400 |
| 11 | വേലുക്കുട്ടി | 102470100907 | കർഷക തൊഴിലാളി പെൻഷൻ | 23/11/2019 | 24.11.2021 | സസ്പെൻഡ് | 12/2021 | 1600 |
| | | | | | | ആകെ | | 136000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 40/2021-22 28.10.2022)ക്ക് ലഭിച്ച മറുപടിയിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-2 രജിസ്റ്റർ ചെയ്യപ്പെടുന്ന മരണം സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല

ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നമ്പർ 63/2021/ധന പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി അറിയിക്കേണ്ടതാണ്, എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കല്ലറ ഗ്രാമപഞ്ചായത്തിൽ മേൽ നിബന്ധന പാലിച്ചിട്ടില്ല. സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന പെൻഷൻ ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി/ ക്ഷേമ പെൻഷൻ നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|---|
| 1 | സാവിത്രി | 102370200807 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.05.2021 നഗരൂർ ഗ്രാമ പഞ്ചായത്ത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 40/2021-22 28.10.2022)ക്ക് 19.05.2022 ന് മേൽ വ്യക്തിയുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5-3 ഒരേ വ്യക്തിക്ക് രണ്ട് പെൻഷൻ അനുവദിച്ചിരിക്കുന്നു.

ശ്രീ വേലുക്കുട്ടി എന്ന വ്യക്തിക്ക് കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ എന്നിങ്ങനെ രണ്ട് പെൻഷൻ അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. 23/09/2020ലെ സ.ഉ (എംഎസ്) നമ്പർ 97/2020/ധന പ്രകാരം ഒരു വ്യക്തിക്ക് ഒന്നിലേറെ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നതിന് അർഹതയില്ല. ഇത്തരത്തിൽ രണ്ട് പെൻഷൻ നൽകാനിടയായ സാഹചര്യം സംബന്ധിച്ച് വ്യക്തത ആവശ്യമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | ആധാർ നമ്പർ | പെൻഷൻ തരം | പെൻഷൻ നല്കി തുടങ്ങിയ തീയതി | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വേലുക്കുട്ടി | 102470100907 | 980887779075 | കർഷക തൊഴിലാളി പെൻഷൻ | Oct-2008 | 24.11.2021 | സസ്പെൻഡ് |
| 2 | വേലുക്കുട്ടി | 102470202425 | 980887779075 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | Jun-2015 | 24.11.2021 | സസ്പെൻഡ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 40/2021-22 28.10.2022)ക്ക് 06.11.2017ലെ സ.ഉ (എംഎസ്) നമ്പർ 483/2017 / ധന പ്രകാരം 06.02.2017 മുൻപായി രണ്ട് പെൻഷൻ വാങ്ങി വന്നവർക്ക് ഒരു പെൻഷൻ 600/- രൂപ നിരക്കിലും രണ്ടാമത്തെ പെൻഷൻ പൂർണ്ണമായ തോതിലും നൽകാമെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളത് ക്ഷേമനിധി പെൻഷൻ സംബന്ധിച്ചാണ്, ആകയാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത ഗുണഭോക്താവിന് 06/2015 മുതൽ 11/2021 വരെ നൽകിയ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ തുക ടിയാളുടെ അനന്തരാവകാശികളിൽ നിന്നും ഈടാക്കേണ്ടതാണ്. ആയതിന് സാധിക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2022, 2.50 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2344 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)2004ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷത്തെ പൗരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/20-10-22 ക്ക് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

2)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതിൽ താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം. നിലവിൽ ILGMS വഴിയാണ് അപേക്ഷകൾ സ്വീകരിച്ച് സേവനം നൽകി വരുന്നത് എന്നതിനാൽ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി നൽകുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്.

ബി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല .
സി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. ആയതു പ്രകാരം നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നതിന് നിലവിൽ ILGMS സംവിധാനത്തിലൂടെ അപേക്ഷകൾ സ്വീകരിക്കുന്നതിനാൽ തൻ പതിവേട് സൂക്ഷിക്കേണ്ട ആവശ്യകത ഇല്ല എന്നറിയിച്ചിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി എന്നുവരെയാണെന്നതിന്റെ വിവരം ലഭ്യമാക്കിയില്ല. സർട്ടിഫിക്കേഷൻ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപ് ആയത് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

5) ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുകയും റിക്കോഡ് റൂം സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

6) വസ്തു നികുതി നിർണയം സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ ആവശ്യമാണ്.

7) സാമൂഹ്യ സുരക്ഷ പെൻഷനുകൾ മരണശേഷവും വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ടി അപാകം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

8 ) പഞ്ചായത്തിലെ ആസ്തി സംരക്ഷണം കാര്യക്ഷമമായ രീതിയിൽ നടപ്പിൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ് .

9) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 23400 | 1116512 | 1139912 | 1139642 | 270 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | 0 | 72069000 | 72069000 | 72069000 | 0 |
| ആകെ | 23400 | 73185512 | 73208912 | 73208642 | 270 |

MNREGS – ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-8-1 -ജി എസ് ടി ,ആദായ നികുതി എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല.ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ ഓഡിറ്റ് എൻക്വയറി നം- 47/28-10-22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | ആലം കോട് കരിക്കകം പഴവിള മുതൽ കമ്മുരു ഇരപ്പു റോഡ് കോൺക്രീറ്റ് ഘട്ടം-1 | 328/21-22 | ഷംനാദ് | 407364 |
| 2 | ആലം കോട് കരിക്കകം പഴവിള മുതൽ കമ്മുരു ഇരപ്പു റോഡ് കോൺക്രീറ്റ് ഘട്ടം-2 | 329/21-21 | ഷംനാദ് | 271569 |

തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-8-2 . തൊഴിലുറപ്പ് പദ്ധതി – ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

1.സൈറ്റ് ഡയറി -പൂർണ്ണമല്ല

2.തുക നൽകിയതുമായി ബന്ധപ്പെട്ട (FTO Report) വിവരങ്ങൾ എല്ലാ ഫയലിലും വച്ചിട്ടില്ല.

3.പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ്

4. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI)

5.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം (Annex.V)

6.ആസ്തിയുടെ ജിയോ ടാഗുള്ള ഫോട്ടോ

7. തുക കൈപ്പറ്റിയ തൊഴിലാളികളുടെ ബാങ്ക് പാസ് ബുക്കിന്റെ കോപ്പി /FTO റിപ്പോർട്ട്

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 51 ന് വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-8-3-

21- 2022 സാമ്പത്തികവർഷത്തെ MGNREGA – യുടെ പ്രവർത്തനത്തെ സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം- 211<br>അംഗങ്ങൾ- 287 |
| 2021-22സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-3382<br>തൊഴിലാളികൾ- 3741 |

| | |
|---|---|
| 2021-22സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-3574<br>തൊഴിലാളികൾ-4037 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | NIL |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | NIL |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | NIL |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | NIL |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 4037 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 333 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 109 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 109 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 17 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 17 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 17+17 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 22 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 586 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 390 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 68.9 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 233009 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 69394000 |
| മെറ്റീരിയൽകംപോണന്റ് | 2321000 |
| ആകെ വരവ് | 71715000 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 767 |
| 80-99 | 897 |
| 70-79 | 327 |
| 60-69 | 264 |
| 50-59 | 222 |
| 50 ൽ താഴെ | 905 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.02.2022 മുതൽ 16.02.2022 വരെ | 01.01.2022 മുതൽ | 16.06.2022 |

| | | | |
|---|---|---|---|
| | | 31.01.2022 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.03.2016 മുതൽ 16.04.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.06.2016 |

## 1-10 ലേലം തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

I) 2021-22 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, ലേല ഡയറികൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം/ ക്വട്ടേഷൻ ഇനം | ലേല/ക്വട്ടേഷൻ തീയതി, ലേലം കൊണ്ട വ്യക്തി | ലേലത്തുക | തുക ഒടുക്കിയ വിശദാംശങ്ങൾ | കരാറിലേർപ്പട്ടതിന്റെ വിവരം |
|---|---|---|---|---|---|
| 1 | കല്ലറ പബ്ലിക് ബസ് സ്റ്റേഷനിലെ വാഹനങ്ങളുടെ പ്രവേശന ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 30.03.2021 ശശിധരൻ പിള്ള, എസ് ബി ഭവൻ തച്ചോണം | 120000 | 5000/- നിരതദ്രവ്യം | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. |
| 2 | കല്ലറ പബ്ലിക് സ്റ്റേഷനിലെ വഴിയമ്പലം (പബ്ലിക് കംഫർട്ട് സ്റ്റേഷൻ) പ്രവർത്തിക്കുന്നതിനുള്ള അവകാശം | 30.03.2021 ശശിധരൻ പിള്ള, എസ് ബി ഭവൻ തച്ചോണം | 150000 | 2000/- നിരതദ്രവ്യം | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. |

A7- 2060/21 തീയതി 07/06/2021 പ്രകാരം കല്ലറ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 21.05.2021 ലെ V(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേലം അംഗീകരിച്ചതായും ഏഴ് ദിവസത്തിനകം ലേലത്തുകയുടെ മൂന്നിലൊന്ന് തുക ഒടുക്കി കരാറിൽ ഏർപ്പെടേണ്ടതാണെന്നും ശ്രീ ശശിധരൻ പിള്ളയെ അറിയിച്ചെങ്കിലും തുക ഒടുക്കിയില്ല. സമർപ്പിച്ചിട്ടുള്ള കരാർ പത്രം അപൂർണ്ണമാണ്. പ്രസ്തുത കരാർ പത്രത്തിൽ പഞ്ചായത്തധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മേൽ പരാമർശിച്ച കത്ത് പ്രകാരം ബന്ധപ്പെട്ട തഹസീൽദാറിൽ നിന്നും ലേലത്തുകയുടെ മൂന്നിരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതും പാലിക്കപ്പെട്ടില്ല.

ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർ A7- 2060/21 തീയതി 15/03/2021 പ്രകാരം ലേല കുടിശ്ശിക വരുത്തിയിട്ടുള്ളവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ ശശിധരൻ പിള്ള, എസ് ബി ഭവൻ തച്ചോണം എന്ന വ്യക്തി മുൻ വർഷം ലേലകുടിശ്ശിക വരുത്തിയതായി 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ട്. ലേല ഉടമ്പടികൾക്ക് വിരുദ്ധമായി ഇത്തരത്തിൽ കുടിശ്ശിക വരുത്തിയ വ്യക്തിയെ വീണ്ടും ലേലത്തിൽ പങ്കെടുപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഈ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ലേലം വിളികേട്ട ശ്രീ ശശിധരൻ പിള്ള, എസ് ബി ഭവൻ തച്ചോണം ലേലത്തുക ഒടുക്കാത്തതിനാൽ 20.11.2021ലെ 2(1) നമ്പർ തീരുമാനപ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 210 പ്രകാരം 30.11.2021 വരെയുള്ള കുടിശ്ശിക യഥാക്രമം 80000/- രൂപയും തപാൽചാർജ്ജും പിഴയും ഉൾപ്പെടെ 104589/-, 100000/- രൂപയും തപാൽചാർജ്ജും പിഴയും ഉൾപ്പെടെ 115070/- രൂപയും റവന്യൂ റിക്കവറി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു.

ലേല നിബന്ധന പ്രകാരം, ലേലം ഉറപ്പിക്കുന്ന സമയത്ത് പൂർണ്ണതുക ഈടാക്കേണ്ടിയിരുന്നതാണ്. എന്നാൽ 30.11.2021 വരെയുള്ള കുടിശ്ശിക മാത്രം ഈടാക്കുന്നതിനുള്ള നടപടി മാത്രമാണ് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. മുൻവർഷം കുടിശ്ശിക വരുത്തിയ വ്യക്തിയെ ഒഴിവാക്കിയിരുന്നെങ്കിൽ ഇത്തരത്തിൽ പഞ്ചായത്ത് ഫണ്ടിനു നഷ്ടമുണ്ടാകുമായിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 48/2021-22, 28.10.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 ബിൽഡിംഗ് പെർമിറ്റ് അപാകങ്ങൾ

1. കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടില്ല. മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന വിധം അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ് തല

പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 41/2021-22, 28.10.2022) ക്ക് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിററ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കല്ലറ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നം 41/2021-22, 28.10.2022) ക്ക് ഭാവിയിൽ ഒറ്റ ഫയലായി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - കാര്യക്ഷമമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1200 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 21 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 10/2021-22, 20.10.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലെ നായകൾക്ക് കൃത്യമായ ഇടവേളകളിൽ വാക്സിനേഷൻ നൽകുന്നതിനും വാക്സിനേഷൻ സർട്ടിഫിക്കറ്റുള്ള നായകൾക്ക് മാത്രം ലൈസൻസ് നൽകുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടകയുമായി ബന്ധപ്പെട്ട അപാകങ്ങൾ

വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-13-1 കോവിഡ് : വാടക ഒഴിവാക്കൽ ക്രമപ്രകാരമല്ല

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിൽ പബ്ലിക്ക് ബസ് സ്റ്റേഷൻ കോമ്പൗണ്ടിൽ 9 ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളും പബ്ലിക് മാർക്കറ്റിൽ 5 സ്റ്റാൾ റൂമുകളുമാണ് 2021-22 സാമ്പത്തിക വർഷം വാടകയ്ക്ക് നല്കിയിരുന്നത്. രജിസ്റ്റർ പരിശോധിച്ചതിൽ അഞ്ച് മാസത്തെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. ജി.ഒ. (ആർടി) നമ്പർ 1015/2021/LSGD, Dt 19.05.2021 പ്രകാരം ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലേയും, ജി.ഒ. (എം എസ്) നമ്പർ 261/2021/LSGD Dt 06.11.21 പ്രകാരം ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലുമാണ് ഇളവ് നൽകിയിട്ടുള്ളത്.

സ.ഉ സാധാ നമ്പർ 1278/2020 തസ്വഭവ തീയതി 29/6/2020 പ്രകാരം ലോക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ എന്നും വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ഈ കാലയളവിൽ പ്രവർത്തിച്ചില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് എന്നും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന/വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് വാടകയിൽ ഇളവ് നൽകിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നം. 13/2021-22, 20.10.2022)ക്ക് മറുപടിയിൽ കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച ചെറുകിട കച്ചവടക്കാരെ സഹായിക്കുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ ഇളവ് നൽകിയത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-13-2 വാടക പിരിച്ചെടുക്കുന്നതിൽ കാലതാമസം

പഞ്ചായത്ത് കാര്യാലയത്തിൽ സ്ഥാപിച്ചിട്ടുള്ള ബി എസ് എൻ എൽ ടവറിന്റെ വാടക, രജിസ്റ്റർ പ്രകാരം പ്രതി മാസം 936/- രൂപയാണ്. രജിസ്റ്റർ പ്രകാരം ഏപ്രിൽ മുതൽ സെപ്തംബർ വരെ വാടക പിരിച്ചെടുത്തിട്ടുണ്ട്. ഒക്ടോബർ മുതൽ മാർച്ച് വരെ ഒടുക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-14 ലൈസൻസ് അപാകങ്ങൾ

ലൈസൻസ് തുക ഈടാക്കുന്നതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-14-1 ലൈസൻസ് - അപാകങ്ങൾ :ലൈസൻസ് ഫീസ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കല്ലറ ഗ്രാമ പഞ്ചായത്തിൽ ഈ

വിധത്തിൽ മൂലധനത്തിന്റെ അടിസ്ഥാനത്തിലല്ല ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ മൂല ധന അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കാനോ ആയത് പിരിച്ചെടുക്കാനോ സാധിക്കുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 3/2021-22, 19.10.2022) ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷകൻ സമർപ്പിക്കുന്ന അപേക്ഷ പൂർണ്ണമാണോയെന്ന് തിരക്ക് കാരണം പരിശോധിക്കാൻ കഴിയുന്നില്ല എന്നറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടത് പഞ്ചായത്തിന്റെ കടമയാണ്.

## 1-14-2 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതാണെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലെ 16 റേഷൻകടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഡിമാന്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 3/2021-22, 19.10.2022) ക്ക് റേഷൻകട വ്യാപാരികൾക്കും ലൈസൻസ്, തൊഴിൽനികുതി എന്നിവ ഒടുക്ക് വരുത്തുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. വ്യാപാരികൾ ലൈസൻസ് എടുക്കുന്നതിന് തയ്യാറാകാത്തതിനാൽ അവരുടെ വസ്തു സംബന്ധമായ വിശദാംശം ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയതായും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-3 ഇറച്ചി വില്പന – സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. ലേല രജിസ്റ്റർ പ്രകാരം പഞ്ചായത്ത് മാംസം വിൽക്കുന്നതിനുള്ള അവകാശം ലേലം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ ആകെ ഇറച്ചിക്കടകളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 3/2021-22, 19.10.2022) ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഇറച്ചിക്കടകൾ പ്രവർത്തിക്കുന്നില്ല എന്ന മറുപടിയും ഒപ്പം മരുതുമ്മൂട് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം ചെയ്യുന്നതിനുള്ള അവകാശം ലേലത്തിൽ നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന മറുപടികൾ പഞ്ചായത്തധികൃതർ നൽകുന്നത് ശരിയായ പ്രവണതയല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ, ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

## 1-14-4 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2021-22 വർഷം ലൈസൻസ് നൽകിയത് 341 സ്ഥാപനങ്ങൾക്കാണ്. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി, ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി അപാകങ്ങൾ

തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-15-1 തൊഴിൽ നികുതി - അപാകങ്ങൾ : സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

കല്ലറ ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളിൽ നിന്ന് 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, തൊഴിൽനികുതി പത്രിക എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| കേരള വാട്ടർ അതോറിറ്റി | I, II |
| മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | I, Ii |
| അശ്വതി ഫിനാൻസ് | II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/2021-22, 20.10.2022) മറുപടിയായി കേരള വാട്ടർ അതോറിറ്റി നാളിതുവരെ സ്ഥാപന നികുതി ഒടുക്കിയിട്ടില്ല എന്നും മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ്, അശ്വതി ഫിനാൻസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നാളിതുവരെ സ്ഥാപന നികുതി ഒടുക്കാത്തതിന് കാരണം പഞ്ചായത്ത് നാളിതുവരെ പ്രസ്തുത തുക ഡിമാന്റ് ചെയ്യാത്തതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ കൃത്യമായ കണക്കെടുത്ത് അവയുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ സമയബന്ധിതമായി ഡിമാന്റ് ചെയ്യിരുന്നെങ്കിൽ ഇത്തരം സാഹചര്യം ഒഴിവാക്കാമായിരുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-15-2 റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നില്ല

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ 16 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 16/2021-22, 20.10.2022) ക്ക് റേഷൻകട വ്യാപാരികൾക്കും തൊഴിൽനികുതി ഒടുക്ക് വരുത്തുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. വ്യാപാരികൾ തുക ഒടുക്കാൻ തയ്യാറാകാത്തതിനാൽ അവരുടെ വസ്തു സംബന്ധമായ വിശദാംശം ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയതായും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഒടുക്കിപ്പിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-15-3 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ ഗ്രാമപ്പഞ്ചായത്തു പരിധിയിൽ 2021-22 വർഷം കരാർ പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 16/2021-22) ക്ക് മറുപടിയായി 2021-22 വർഷം കരാർ പ്രവൃത്തികൾ ചെയ്ത രണ്ട് കരാറുകാരാണുള്ളതെന്നും അവർക്ക് തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയതായും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി അപാകങ്ങൾ

വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-16-1 വസ്തു നികുതി - അപാകങ്ങൾ : 60 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിച്ചു

സ.ഉ.(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസിതീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കാവുന്നതാണ്. എന്നാൽ വിമുക്ത ഭടൻമാരുടേതല്ലാത്ത 60ച.മീ വിസ്തീർണ്ണത്തിൽ അധികമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | തറ വിസ്തീർണ്ണം |
|---|---|---|

| | | |
|---|---|---|
| 2/375 | വസന്തകുമാരി, സി.എസ് ഹൗസ് | താഴത്തെ നില-100 ച.മീ. |
| 2/597 | ഓമനയമ്മ, സിന്ധുഭവൻ | താഴത്തെ നില-90ച.മീ. |
| 2/731 | ശാന്ത, ആനന്ദഭവൻ | താഴത്തെ നില-128ച.മീ. |
| 8/139A | ജി ശിവദാസൻ, അജിഭവൻ | താഴത്തെ നില-72.93ച.മീ.<br>ഒന്നാം നില-72.93ച.മീ. |
| 16/43 | രാധമ്മ, കോളംകോട് | താഴത്തെ നില-81ച.മീ. |
| 17/82A | സിന്ധു എൻ എസ്, | താഴത്തെ നില-131.9ച.മീ. |
| 17/82B | സിന്ധു ഉമ്പോട്ടുമംഗലത്ത് വീട് | താഴത്തെ നില-136.3ച.മീ.<br>ഒന്നാം നില-15.18ച.മീ. |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07, 20.10.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-16-2 ഉപയോഗക്രമം നിശ്ചയിച്ചതിലെ പിഴവ് മൂലം അടിസ്ഥാന വസ്തുനികുതിയിൽ കുറവ് വന്നു

സഞ്ചയ നികുതി നിരക്കുകൾ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവക്ക് ച.മീറ്ററിന് 50 രൂപ നിരക്കിലും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവക്ക് ച.മീറ്ററിന് 60 രൂപ നിരക്കിലുമാണ് വസ്തുനികുതി ഈടാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള മേൽ ഉപയോഗക്രമമുള്ള കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് കാരണമായി ടി കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര്, കെട്ടിട നം | തറ വിസ്തീർണ്ണം (ച.മീ.) | നിലവിൽ ഈടാക്കുന്ന അടിസ്ഥാന വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതിയിലെ കുറവ് |
|---|---|---|---|---|
| ഡോ.എ.മുഹമ്മദ് ഹുസൈൻ, 1/1079 | 234 | 234*50= 11700/- | 234*60= 14040/- | 2340/- |
| ഹാഷിം .എം, 1/1090 | 117.72 | 117.72*50= 5886/- | 117.72*60= 7063.2/- | 1177/- |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 15, 20.10.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-16-3 മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തരം തിരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലാ നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 3/295 B | രതീഷ് എൻ എസ്, നീഹാരം | കല്ലറ – ചെറുവാളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| | 3/295 C | | കല്ലറ – ചെറുവാളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| 2 | 4/403 | ഗീത ജെ ആർ, പി ജി ഭവൻ | പുളിമൂട് - ഉണ്ണിമുക്ക് വെള്ളം കുടി | 5 മീറ്ററോ അതിൽ കൂടുതലോ | ത്രിതീയം |
| | 4/403 C | | പുളിമൂട് - ഉണ്ണിമുക്ക് വെള്ളം കുടി | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 3 | 5/361 A | ലളിത കുമാരി, രോഹിണി ഭവൻ | പച്ചയിലമുക്ക് - ഭ്രതക്കുഴി | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 5/361 C | | പച്ചയിലമുക്ക് - ഭ്രതക്കുഴി | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 4 | 5/451 A | ലത എൽ ആർ | കുറുമ്പയം ചപ്പാത്തിമുക്ക് കഴുകൻപച്ച വരിക്കപ്ലാമൂട് | 5 മീറ്ററോ അതിൽ കൂടുതലോ | ത്രിതീയം |
| | 5/451 B | | കുറുമ്പയം ചപ്പാത്തിമുക്ക് കഴുകൻപച്ച വരിക്കപ്ലാമൂട് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 5 | 6/146 F | നീതു ബി ജി, ഗീതാഞ്ജലി | കല്ലറ – ചെറുവാളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | പ്രഥമം |
| | 6/146 G | | കല്ലറ – ചെറുവാളം റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 6 | 8/285 | സുഭദ്ര, തടത്തരികത്ത് വീട് | ചെറുവാളം ആനകുളം പരപ്പിൽ | 5 മീറ്ററോ അതിൽ കൂടുതലോ | ത്രിതീയം |
| | 8/285 A | | ചെറുവാളം ആനകുളം പരപ്പിൽ | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| 7 | 13/350 A | ശാന്ത സി, ചരുവിള വീട് | നാണംകോട് മരക്കാട് - തോട്ടിൻ പുറം | 5 മീറ്ററോ അതിൽ കൂടുതലോ | ദ്വിതീയം |
| | 13/350 B | | നാണംകോട് മരക്കാട് - തോട്ടിൻ പുറം | 5 മീറ്ററോ അതിൽ കൂടുതലോ | ത്രിതീയം |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/21.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16-4 കെട്ടിടങ്ങളുടെ വസ്തുനികുതി : കുടിശ്ശിക പിരിച്ചെടുത്തില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ നിരവധി കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക

ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. കുടിശ്ശിക തുക കൂടിയ ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗക്രമം | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1 | 6/585 | സൈഫുദീൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 40930 | 2013 ആദ്യപകുതി മുതൽ |
| 2 | 9/428 | ബിജു തോമസ് | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 25064 | 2019 ആദ്യപകുതി മുതൽ |
| 3 | 9/429 | ബിജു തോമസ് | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 22,680 | 2019 ആദ്യപകുതി മുതൽ |
| 4 | 7/26 A | മാനേജർ(വോഡാഫോൺ എസ്സാർ സെല്ലുലാർ ലി.,കൊച്ചിൻ) | മൊബൈൽ ടെലഫോൺ ടവർ | 18900 | 2019 ആദ്യപകുതി മുതൽ |
| 5 | 1/1087 | ജാഫർ.വൈ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 15405 | 2020 ആദ്യപകുതി മുതൽ |
| 6 | 1/1089 | ജാഫർ.വൈ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 15162 | 2020 ആദ്യപകുതി മുതൽ |
| 7 | 8/535 | പുഷ്പവിലാസിനി | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 11025 | 2020 ആദ്യപകുതി മുതൽ |
| 8 | 2/629 | റഹ്മത്ത് ബീഗം | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10194 | 2021 ആദ്യപകുതി മുതൽ |
| 9 | 2/630 | റഹ്മത്ത് ബീഗം | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 9450 | 2021 ആദ്യപകുതി മുതൽ |
| 10 | 6/179 A | പ്രസിഡൻറ്, പാട്ടൂറ മുസ്ലിം ജമാ അത്ത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 7770 | 2021 ആദ്യപകുതി മുതൽ |
| 11 | 15/441 | രാമചന്ദ്രൻ | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 7770 | 2019 ആദ്യപകുതി മുതൽ |
| 12 | 6/179 B | പ്രസിഡൻറ്, പാട്ടൂറ മുസ്ലിം ജമാ അത്ത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 7334 | 2021 ആദ്യപകുതി മുതൽ |
| 13 | 2/631 | റഹ്മത്ത് ബീഗം | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 6982 | 2021 ആദ്യപകുതി മുതൽ |
| 14 | 1/514 | അബ്ദുൽ ജബ്ബാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 5544 | 2015 ആദ്യപകുതി മുതൽ |
| 15 | 1/656 | അബ്ദുൽ സലീം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 5544 | 2020 ആദ്യപകുതി മുതൽ |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 25/20.10.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16-5 നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 5/345 | ഗിരിജ | പാർപ്പിടം | 96 $M^2$ |
| 2 | 15/524 | വത്സലകുമാരി | പാർപ്പിടം | 75 $M^2$ |
| 3 | 15/577 | സുകുമാരനുണ്ണിത്താൻ | പാർപ്പിടം | 62 $M^2$ |
| 4 | 17/266 | ശങ്കരപിള്ള | പാർപ്പിടം | 100 $M^2$ |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/20.10.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-16-6 വസ്തുനികുതി ഇളവ് അനുവദിച്ചതിലെ അപാകത

സ.ഉ(എം.എസ്) നം. 358/15/തസ്വഭവ., തീയതി 16.12.2015 പ്രകാരം 60 ച.മീ. (660 ച.അടി) യിൽ താഴെ വിസിതീർണ്ണമുള്ള വീടുകൾക്ക് വസ്തുനികുതി ഇളവ് അനുവദിക്കുമ്പോൾ, ഒരു വ്യക്തിുടെ പേരിലുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് ഇളവ് അനുവദിക്കാൻ സാധിക്കുക. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് മേൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ഉടമസ്ഥന്റെ പേര്, മേൽവിലാസം | നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | എൽ. ശ്രീദേവിയമ്മ, ആനക്കുഴി വീട് | 10/154 , 10/155 |
| 2 | ഗംഗാധരൻ, കിഴക്കേവിള വീട് | 15/752, 15/769 |
| 3 | പത്മാലയൻ, പത്മനാഭ മന്ദിരം | 12/198, 12/199 |
| 4 | പ്രസന്നൻ, കരിഞ്ഞകാട്ടിൽ വീട് | 11/548, 11/555 |
| 5 | രഘു, പിന്നാറ്റുകുഴി വീട് | 12/649, 12/650 |
| 6 | രവീന്ദ്രൻ, പുത്തൻകടവ് വീട് | 1/848, 1/849 |
| 7 | ലളിത, നാണംക്കോട് വീട് | 12/615, 12/616 |
| 8 | ശശിധരൻ, ശോഭനമന്ദിരം | 8/139, 8/141 |
| 9 | ശാന്തകുമാർ, മംഗലത്തുവീട് | 11/472, 11/504, 11/506 |
| 10 | സരോജിനി, ഈട്ടിമൂട്ടിൽ വീട് | 11/66, 11/67 |

മേൽ വ്യക്തികൾക്ക് ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ( ഓഡിറ്റ് എൻക്വയറി നമ്പർ - 04, 19.10.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (86/20) എന്ന പദ്ധതി പ്രകാരം 300000/-രൂപ {മെ.ഫ.(റോഡിതരം)} നീതി മെഡിക്കൽസ്, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വെഞ്ഞാറമൂട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (ബിൽ നം.129/.18.12.21). എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് മരുന്ന് ലഭ്യമായത്

സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/തീ.25.10.2022 ന് മറുപടി ലഭിച്ചില്ല. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 981250/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0087/22 |
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1093750/- വി.ഫ(ജനറൽ) |
| ചെലവ് | 981250/- വി.ഫ(ജനറൽ) |
| ബിൽ നമ്പർ | 121/18.12.21 300000/-<br>213/16.02.22 43750/-<br>299/23.3.22 637500/- |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ രണ്ട് മാസം മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുവാനും പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നു. പ്രോജക്റ്റ് ഫയലിൽ മേൽ പരാമർശിച്ച തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ രേഖ മാത്രമാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. ആയതിൽ 51 ഗുണഭോക്താക്കൾക്ക് 12500/- രൂപ വീതവും 55 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതവുമാണ് നൽകിയിട്ടുണ്ട്. 55 ഗുണഭോക്താക്കൾക്ക് മാത്രമേ സംസ്ഥാന വിഹിതം ലഭ്യമുള്ളൂ എന്ന് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിനാൽ ബാക്കിയുള്ള 51 പേർക്ക് സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള തുകയാണ് നൽകിയത്. ഇൻഷ്വറൻസ് സംബന്ധമായ രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/തീ.25.10.2022 ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 981250/- രൂപ തടസ്സപ്പെടുത്തുന്നു. ഇൻഷ്വറൻസ് സംബന്ധമായ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-19 വനിതകൾക്ക് കോഴി വളർത്തൽ- രേഖകൾ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0013/22 | S0089/22 |
| പ്രോജക്റ്റിന്റെ പേര് | മുട്ടക്കോഴി വളർത്തൽ (വനിത) | മുട്ടക്കോഴി വളർത്തൽ (SCP) |
| അടങ്കൽ | 444000/- വി.ഫ(ജനറൽ)<br>444000/- ഗുണഭോക്തൃവിഹിതം | 76500/- വി.ഫ(SCP)<br>25500/- ഗുണഭോക്തൃവിഹിതം |
| ചെലവ് | 357600/- വി.ഫ(ജനറൽ)<br>357600/- ഗുണഭോക്തൃവിഹിതം | 45900/- വി.ഫ (SCP)<br>15300/- ഗുണഭോക്തൃവിഹിതം |
| ബിൽ നമ്പർ | 134/22.12.21, 135600/- (വി.ഫ.ജ.)<br>വൗച്ചർനം.22100907 തീ.31.12.21, 135600/-<br>176/17.01.22, 111600/- (വി.ഫ.ജ.)<br>വൗച്ചർനം.22101053 തീ.31.1.22, 111600/-<br>241/7.3.22, 91800/-<br>വൗച്ചർനം.22101236 തീ.14.03.22, 91800/- | 135/22.12.21 22500/-<br>വൗച്ചർനം.22100908 തീ.31.12.21, 7500/-<br>177/17.01.22, 13500/-<br>വൗച്ചർനം.22101053 തീ.31.1.22, 4500/-<br>242/7.3.22, 9900/-<br>വൗച്ചർനം.22101236 തീ.14.03.22, 3300/- |

| | | |
|---|---|---|
| | 297/23.3.22, 18600/-<br>(വി.ഫ.ജ.)<br>വൗച്ചർനം.22101310<br>തീ.24.03.22, 18600/- | |

മുട്ടക്കോഴി വളർത്തൽ(scp), മുട്ടക്കോഴി വളർത്തൽ(വനിത) എന്നീ പദ്ധതി പ്രകാരം Jijo Egger Nursery. University Poultry And Duck Farm എന്നിവിടങ്ങളിൽ നിന്നാണ് മുട്ടകോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്. അംഗീകാരം ലഭിച്ച എഗ്ഗർ നഴ്സറികൾ മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വാങ്ങി പ്രാദേശിക വെറ്ററിനറി സർജൻ/സീനിയർ വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ ആവശ്യമായ പ്രതിരോധ കുത്തിവെയപ്പുകളും പരിപാലനവും നടത്തി പഞ്ചായത്ത്/മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾക്ക് വിതരണം ചെയ്യേണ്ടതാണ്. എന്നാൽ ആയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമായില്ല. കൂടാതെ പദ്ധതി പ്രകാരം ഓരോ യൂണിറ്റിലും എത്ര ഉൽപാദനം നടന്നു എന്നുള്ളതും പക്ഷിമൃഗാദികളുടെ ആരോഗ്യകരമായ പ്രജനന മൂലം പ്രസ്തുത യൂണിറ്റിൽ എത്രമാത്രം വികസനം ഉണ്ടായി എന്നും മോണിറ്ററിംഗ് നടത്തുന്നതായി കാണുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ) നം. ത സ്വ ഭ വ 11/2018 തീയതി 29.1.2018 ഖ- 13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചിതിന്റെയും രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/തീ.25.10.2022 ന് മറുപടി ലഭിച്ചില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 മരുന്ന് വാങ്ങൽ - 135018 രൂപയുടെ മരുന്ന് ലഭിക്കുവാനവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/22 |
| പ്രോജക്ടിന്റെ പേര് | മരുന്ന് വാങ്ങൽ |
| അടങ്കൽ | 800000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 800000 |
| ബിൽ നമ്പർ | 1. 63/21-22 30.09.2021 - 655623<br>2. 291/21-22 21.03.2022 - 144377 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

ഗ്രാമ പഞ്ചായത്തിലെ ജീവിത ശൈലി രോഗികളുടെ എണ്ണം വർദ്ധിക്കാതെ തൽസ്ഥിതി നിലനിർത്തുക എന്ന ലക്ഷ്യത്തോടൊപ്പം ജീവിത ശൈലി രോഗികളുടെ ചികിത്സയിലൂടെ ആരോഗ്യകരമായ ജീവിതം ഉറപ്പ് വരുത്തുക എന്നീ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. കെ എം എസ് സി എൽ ന മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയ 655623 രൂപയിൽ 520605/- രൂപയ്ക്കുള്ള മരുന്ന് മാത്രമേ ഓഡിറ്റ് തീയതിയിലും ലഭ്യമായിട്ടുള്ളൂ. 135018 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. ലഭിച്ച മരുന്നിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| 753/24-10-2021 | 78345 |
| 7898/24-10-2021 | 99272 |
| 7899/24-10-2021 | 42541 |
| 926/07-01-2022 | 17779 |
| 12521/07-02-2022 | 34033 |
| 3084/29-05-2022 | 178673 |
| 4507/16-06-2022 | 69962 |
| ആകെ | 520605 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 44/21-22, 8.10.2022) ക്ക് ലഭ്യമാക്കിയ മറുപടിയിൽ അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0040/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 200000 |
| ബിൽ നമ്പർ | 178/17.01.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ നമ്പർ പ്രകാരം ₹ 200000/- ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | തുക |
|---|---|
| എൽ എഫ് -358/16.07.2022 | 111923.00 |

88077 രൂപയുടെ (₹200000- ₹111923) മരുന്ന് ഓഡിറ്റ് തീയതിയിലും ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 43/21-22, 28.10.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് കിട്ടുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 01/22 ൽ നൽകിയ തുകയ്ക്കുള്ള മരുന്ന് 07/22 ലാണ് ലഭിച്ചത്. മരുന്ന് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച വിഷയത്തിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ഐ.കെ.എം-ന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 85833/- രൂപയുടെ ചെലവു തടസ്സം

| ക്രമ നം | പദ്ധതി /പ്രോജക്ട് നമ്പർ | ഫണ്ട്/ അടങ്കൽ തുക | ചെലവ് | ബിൽനം./തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | ഐ.കെ.എം-ന് വിഹിതം നൽകൽ (SO02/22) | വികസന ഫണ്ട് സാധാരണ വിഹിതം/ 85833 | 85833 | 13/21.6.22 | ഐ.കെ.എംഎക്സിക്യൂട്ടീവ്ഡയറക്ടർ |

മേൽ പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-ഓഡിറ്റ് എൻക്വയറി നം -19/20.10.22ന് മറുപടി ലഭ്യമാക്കിട്ടില്ല.ആയതിനാൽ 85833/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് ഓഫീസ് യുപി എസിന് എ എംസി-രേഖകളുടെ അഭാവത്തിൽ 9440/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | SO117/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസ് യുപി എസ്- എ എംസി |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 10000/-(തനത് ഫണ്ട്) |
| ചെലവ് | 9440/-(85/26.10.21) |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് യുപി എസിന്റെ എ എംസി ഹൈകോൺ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അതിനായി 9440/- രൂപ ഹൈകോണിന് കൈമാറിയിട്ടുണ്ട്. AEB 5000/120 KVA Single Phase Input Single Phase Output

Online UPS എന്ന സ്പെസിഫിക്കേഷനിലുള്ള യു പി എസിന്റെ എ എംസി യാണ് പ്രോജക്ട് പ്രകാരം നൽകിയത്.

1.AEB 5000/120 KVA Single Phase Input Single Phase Output Online UPS എന്ന സ്പെസിഫിക്കേഷനിലുള്ള യു പി എസ് വാങ്ങിയതിന്റെ ഫയൽ, കരാർ, വാറണ്ടി കാർഡ് എന്നിവ ലഭ്യമാക്കിയില്ല.ആയതിനാൽ വാറണ്ടി/എ എംസി കാലയളവ് എന്നിവ കഴിഞ്ഞ യുപി എസിന് വേണ്ടിയാണോ മേൽ പദ്ധതി നടപ്പിലാക്കിയതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2.പഞ്ചായത്തിൽ നിലവിലുള്ള യുപി എസുകളുടെ എണ്ണം, അവയുടെ സ്പെസിഫിക്കേഷൻ, വാങ്ങിയ വർഷം, വാറണ്ടി കാലയളവ്, നിലവിലെ പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

3.പദ്ധതിയുടെ മോണിറ്ററിംങ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

ഇതുമായി ബന്ധപ്പെട്ട് മേൽ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നം -20/20.10.22ൽ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകളുടെ അഭാവത്തിൽ 9440/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 സർവ്വ ശിക്ഷാ അഭിയാൻ- തുടർപ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | (SO02/22) |
| പ്രോജക്ടിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | വികസന ഫണ്ട്(CFC)/743000 |
| ചെലവ് | 743000/(162/07.01.22) |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ് എസ് എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക്(അക്കൗണ്ട് നമ്പർ-0819101104302) മേൽ തുക കൈമാറിയിട്ടുണ്ട്.

സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എസ്.എസ്.എ. യുടെ 2021-22 ലെ പ്ലാൻ പ്രൊപ്പോസൽ പ്രകാരം പഞ്ചായത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 40% ആയ 743000/- രൂപയാണ് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ എസ്.എസ്.എ. ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന വിശദവിവരം ലഭ്യമാക്കിയിട്ടില്ല. വകയിരുത്തിയ തുകയ്ക്ക് അനുസൃതമായ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയെന്നും ഉറപ്പാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -21/20.10.22ന് പ്രസ്തുത വിവരം ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 നിക്ഷേപ പ്രവൃത്തികളുടെ രേഖകൾ ലഭ്യമാക്കിയില്ല - 2595667/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | ഫണ്ട്/അടങ്കൽ | ചെലവ് | ബിൽ നം./ വൗച്ചർ നം. & തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1. | SO210/22, മുഉവിള ഗ്രന്ഥശാലയ്ക്ക് കുടിവെള്ള കണക്ഷൻ | വികസന ഫണ്ട് സി.എഫ്.സി-50000 | 50000 | 301/24.03.22 | കേരള വാട്ടർ അതോറിറ്റി |
| 2. | SO211/22,പൈപ്പ് ലൈൻ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം | വികസന ഫണ്ട് സി.എഫ്.സി-1000686 | 1000667 | 251/07.03.22 | കേരള വാട്ടർ അതോറിറ്റി |
| 3. | SO115/22,വിവിധവാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വികസന ഫണ്ട് സി.എഫ്.സി-1545000 | 1545000 | 252/07.03.22 | കേരള വാട്ടർ അതോറിറ്റി |
| | ആകെ | | 2595667 | | |

I)മേൽ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

Ii) 20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ

നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -23/20.10.22ന് മറുപടി ലഭ്യമാക്കിയില്ല.മേൽ രേഖകളുടെ അഭാവത്തിൽ 2595667/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പ്രവർത്തനസജ്ജമാകാത്ത പകൽവീടിന് ഉപകരണങ്ങൾ വാങ്ങി - 198480/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | S038/22 |
| പ്രോജക്ടിന്റെ പേര് | പകൽവീട് അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 200000/-(തനത് ഫണ്ട്) |
| ചെലവ് | 198480/-(52101049/02.03.22) |

പകൽവീട് സജ്ജമാക്കുന്നതിന് ആവശ്യമായ മേശ, കസേര, അലമാര, കട്ടില് എന്നിവ വാങ്ങുന്നതിനും ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ എടുക്കുന്നതിനും വേണ്ടി വിഭാവനം ചെയ്തതാണ് മേൽ പദ്ധതി. പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു :-

| ക്രമ നം. | സാധനങ്ങളുടെ വിവരം | എണ്ണം |
|---|---|---|
| 1 | സ്റ്റീൽ മേശ | 2 |
| 2 | പ്ലാസ്റ്റിക് കസേര | 30 |
| 3 | തടിക്കട്ടൽ | 15 |
| 4 | അലമാര | 02 |
| 5 | ടി വി | 01 |
| 6 | വാട്ടർപ്യൂരിഫയർ | 01 |

14.12.21 തീയതിയിലെ നടന്ന സാധാരണ/അടിയന്തിര യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീകൃഷ്ണ ഏജൻസീസിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയത്. ശ്രീകൃഷ്ണ ഏജൻസിയുടെ 15.01.22 ലെ A267 നം ഇൻവോയിസ് പ്രകാരമുള്ള തുകയാണ് (198480/-) സ്ഥാപനത്തിന് കൈമാറിയത്.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രജിസ്റ്റർ, ടി വി, വാട്ടർപ്യൂരിഫയർ എന്നിവയുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വാറണ്ടി കാർഡ്, പകൽവീട് പ്രവർത്തനമാരംഭിച്ച തീയതി, പകൽവീടിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്, ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 32/25.10.22) മറുപടിയിൽ നിന്നും, പ്രാദേശിക പരിശോധനയിൽ നിന്നും പകൽവീട് നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന് വ്യക്തമായിട്ടുണ്ട്.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് പ്രസിഡന്റിനെ ഏൽപ്പിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്.പ്രാദേശിക പരിശോധനയിൽ ടി വി, വാട്ടർപ്യൂരിഫയർ എന്നിവ പ്രസിഡന്റിന്റെ മുറിയിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇവ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധിക്കുക പോലും ചെയ്തിട്ടില്ല. ഇവയുടെ വാറണ്ടി കാലയളവ് ഒരു വർഷമാണ് (22.12.21 ലാണ് വാങ്ങിയത്). ടി വി, വാട്ടർപ്യൂരിഫയർ എന്നിവ ഒഴികെയുള്ള മറ്റ് സാധനങ്ങൾ നാളിതുവരെ പ്രവർത്തനമാരംഭിക്കാത്ത പകൽവീടിനായി നിർമ്മിച്ച കെട്ടിടത്തിലും സൂക്ഷിച്ചിട്ടുണ്ട്. കെട്ടിടത്തിന് ഗ്രിൽ സ്ഥാപിക്കുന്നതിന് 22-23 വർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം

ആരംഭിക്കുന്നതാണെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ലെന്നും മറുപടിയിലൂടെ അറിയിച്ചിട്ടുണ്ട്.

യാതൊരു ദീർഘവീക്ഷണം ഇല്ലാതെയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു. പ്രോജക്ടിനായി ചെലവഴിച്ച ₹198480/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പകൽവീട് പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി പരിശോധനയ്ക്കായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 21-22-ൽ വി ഇഒ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന ഭവന പദ്ധതികൾക്കായി പണം നൽകിയ ഗുണഭോക്താക്കളിൽ നാളിതുവരെപണിപൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം 70/22

ലൈഫ് മിഷൻ-ഭവന പദ്ധതി (എസ്.സി.പി)

അടങ്കൽ- 1840000/-

ചെലവ് -770000/-

| ക്രമ നം | പേര് | ആദ്യ ഗഡു കൈപ്പറ്റിയ ദിവസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ബേബി.ബി | 03.03.21 | 300000/- |
| 2 | ഇന്ദിര.കെ, ചിറയ്ക്കോണത്ത് ചരുവിള പുത്തൻവീട് | 04.03.21 | 300000/- |
| 3 | ഇന്ദിര തെക്കുംകര പുത്തൻവീട് | 15.03.21 | 300000/- |

2.പ്രോജക്ട് നം 124/22

ലൈഫ് മിഷൻ-ഭവന പദ്ധതി (എസ്.സി.പി)

അടങ്കൽ- 8200000/-

ചെലവ് -3560000/-

| ക്രമ നം | പേര് | ആദ്യ ഗഡു കൈപ്പറ്റിയ ദിവസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കൗസല്യ.റ്റി | 28.05.20 | 360000 |
| 2 | വാസന്തി | 25.02.20 | 200000 |
| 3 | ഗോമതി | 22.03.21 | 200000 |
| 4. | ജയരാജ് .എസ്.എസ് | 25.06.21 | 140000 |
| 5. | പ്രഭ | 26.02.21 | 300000 |
| 6. | രേഷ്മ.ഒ | 22.04.21 | 300000 |

3.പ്രോജക്ട് നം 66/22

ലൈഫ് മിഷൻ-ഭവന പദ്ധതി (ജനറൽ)

അടങ്കൽ-3500000/-

ചെലവ് -1220000/-

| ക്രമ നം | പേര് | ആദ്യ ഗഡു കൈപ്പറ്റിയ ദിവസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അമ്പിളികുമാരി.പി | 18.02.20 | 360000 |
| 2 | ബിനുരാജ്. | 06.06.20 | ** |

**ക്രമ നം 2 ലെ ശ്രീ.ബിനുരാജ് രജിസ്റ്റർ പ്രകാരം 56000/- രൂപയാണ് നൽകിയത്.എന്നാൽ ബിൽ നം 168/16.01.22 പ്രകാരം 100000/-രൂപ ടിയാന് നൽകിയിട്ടുണ്ട്.നാളിതുവരെ എത്ര തുകയാണെന്ന് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

4.പ്രോജക്റ്റ് നം 123/22

ലൈഫ് മിഷൻ-ഭവന പദ്ധതി (ജനറൽ)

അടങ്കൽ-8772728/-

ചെലവ് -1060000/-

| ക്രമ നം | പേര് | ആദ്യ ഗഡു കൈപ്പറ്റിയ ദിവസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സുലേഖ ബീവി | 25.05.20 | 360000 |
| 2 | പുഷ്പരാജൻപിള്ള | 10.08.20 | 360000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -53/31.10.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ ഗുണഭോക്താക്കൾ നാളിതുവരെ വീട് പണി പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതും സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കേണ്ടതുമാണ്.

## 1-28 വി. ഇ. ഒ. നടപ്പാക്കിയ വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന രേഖകൾ /രജിസ്റ്ററുകൾ അപൂർണ്ണം

വി. ഇ. ഒ. നടപ്പാക്കിയ വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന രേഖകൾ അപൂർണ്ണമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

1.വിവിധപദ്ധതികളുടെ അപേക്ഷകളോടൊപ്പം സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്താക്കളുമായി ചമച്ച കരാറുകൾ അപൂർണ്ണമാണ്. വ്യക്തിയുടെ വിവരങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് പാലിക്കേണ്ട കാര്യങ്ങളും രേഖപ്പെടുത്താതെ കരാർ ചമച്ചത് ഭാവിയിൽ സ്വീകരിക്കേണ്ടി വരാവുന്ന നടപടികൾക്ക് തടസ്സമുണ്ടാക്കുന്നു. കുറ്റമറ്റവിധത്തിൽ കരാറുകൾ ചമയ്ക്കാൻ വിഇഒ നടപടി സ്വീകരിക്കേണ്ടതാണ്.

2.ലൈഫ് രജിസ്റ്റർ വാല്യം ഒന്ന്, രണ്ട് എന്നിവയിൽ ഗഡുക്കൾ നൽകുന്നത് സംബന്ധിച്ച വിവരങ്ങളിൽ നൽകിയ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗഡുക്കൾ കൊടുത്ത തീയതി, ഏത് പ്രോജക്റ്റ് പ്രകാരമാണ് തുക നൽകിയത്, ഓരോ ഗഡുവും കൊടുക്കുമ്പോഴുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഒപ്പ്, ഗുണഭോക്താവിന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പലതിലും എഗ്രിമെന്റ് വെച്ച തീയതി, പണി പൂർത്തീകരിച്ച തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -53/31.10.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 ഹരിത കർമ്മസേന മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം | S0131/22 |
| പ്രോജക്റ്റിന്റെ പേര് | ഹരിത കർമ്മ സേന പ്രവർത്തനങ്ങളും, വാഹന വാടകയും, മറ്റ് സജ്ജീകരണങ്ങളും ഏർപ്പെടുത്തൽ |
| അടങ്കൽ | 250000/- (തനത് ഫണ്ട്) |
| ചെലവ് | 40742/- |

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനായി മാലിന്യ നിർമ്മാർജ്ജനപ്രക്രിയ ഊർജ്ജപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് മേൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ

സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്.ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

ഹരിതകർമ്മസേനയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ 08/21 മുതൽ 03/22 വരെയുള്ള യോഗങ്ങളിൽ പങ്കെടുത്തവരുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.യോഗതീരുമാനങ്ങൾ ഒന്നും തന്നെയില്ല.

മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്.എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല. ക്ളീൻ കേരള മിഷനുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം മോണിട്ടർ ചെയ്യേണ്ടതും ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സംരംഭകത്വത്തിൽ നിന്നും സേവനങ്ങൾ നൽകുന്നതിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കേണ്ടതുമാണ്.

സ.ഉ(സാധാ)നം.1496/2020/തസ്വ ഭവ തീയതി 12.08.2020 ഹരിതകർമ്മസേന -പ്രവർത്തനമാർഗരേഖ ഖണ്ഡിക20 പ്രകാരം ഹരിതകർമ്മസേന/ ഹരിതകൺസോർഷ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ മോണിറ്റർ ചെയ്യേണ്ടതുമാണ്. കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടുവാനും അവയുടെ മിനിട്ട്സ് രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -55/31.10.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-30 ഹരിത കർമ്മ സേന ഫീസ് രസീത്ബുക്കുകളുടെ സ്റ്റോക്ക് /വിതരണ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

I) യൂസർ ഫീ പിരിച്ചെടുക്കുന്നതിനുള്ള രസീത്ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

Ii) ഹരിത കർമ്മ സേന എന്ന പേരിൽ ഹാജരാക്കിയരജിസ്റ്ററിൽ വാർഡ് നം, രസീതു ബുക്കുകളുടെ ക്രമപ്രകാരമല്ലാത്ത നമ്പർ, കൈപ്പറ്റിയ വ്യക്തിയുടെ പേര്, ഒപ്പ് എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്ററിൽ നിന്നും സ്റ്റോക്കിലെടുത്ത രസീതുബുക്കുകളുടെ നമ്പർ, എല്ലാ വാർഡുകളിലേക്കും വിതരണം ചെയ്തതിന്റെ വിശദാംശം,വിതരണം ചെയ്യാൻ അവശേഷിക്കുന്നവയുടെ കൃത്യത എന്നിവ പരിശോധിക്കാൻ കഴിഞ്ഞില്ല.

Iii) ഈ രസീതുകൾ ഉപയോഗിച്ച് ഹരിത കർമ്മ സേന വഴി പിരിച്ചെടുത്ത തുകയുടെയും, പ്രസ്തുത തുക പഞ്ചായത്തിൽ അടച്ചതിന്റെയും തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. ഓരോ വാർഡുകളിലും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ പിരിവിന്റെ കൃത്യത ഓഫീസിൽ പരിശോധിക്കുകയോ ചെയ്തിട്ടില്ല. രസീത് ബുക്കുകളും കളക്ഷൻ റജിസ്റ്ററുകളും പിരിവു തുകയുടെ അടവിന്റെ വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

Iv) സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖ. 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം തയ്യാറാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -55/31.10.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-31 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി

സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം 5/20-10-22 ന മറുപടിയായി നിലവിൽ ആർട്ടാക്കുമായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്ക് ശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം അറിയിക്കേണ്ടതാണ് .

## 1-32 ആസ്തി സംരക്ഷണം ഫലപ്രദമല്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷണപ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ തയ്യാറാക്കുകയോ ആസ്തികളുടെ വാർഷിക സ്ഥിതി നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല.

ആസ്തികളുടെ ചുമതലയുള്ള സെക്രട്ടറി, മാന്വൽ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണം കാര്യക്ഷമമായി നടപ്പാക്കുന്നില്ല എന്നതുമായി ബന്ധപ്പെട്ട് ആസ്തികളുടെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

1 . മുതുവിള ലൈബ്രറി

28-10-22 ന നടത്തിയ സ്ഥല പരിശോധനയിൽ, ഏറെ പഴക്കം ചെന്ന കെട്ടിടത്തിന്റെ ചുമരുകൾ മഴ നനഞ്ഞ് പൂപ്പൽ വന്ന് കുതിർന്ന അവസ്ഥയിലും ബീമുകളുടെ മുകളിലെ കോൺക്രീറ്റ് അടർന്ന നിലയിലും ആണ്. നിലവിലെ ജനലുകൾ അടക്കാൻ കഴിയാത്ത വിധം ദ്രവിച്ച ഒരു മുറിയിലാണ് 2021-22 വർഷം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സിഡ്കോയിൽ നിന്നും വാങ്ങി നൽകിയ ഫർണ്ണിച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത്. ആയത് ലൈബ്രറിയിൽ വരുന്നവർക്ക് നിലവിൽ പ്രയോജനപ്രദമാകുന്നില്ല.





2 . പകൽ വീട്

2019-20 വർഷം പണി പൂർത്തിയായ പകൽ വീട് നാളിതുവരെയായിട്ടും പ്രവർത്തന സജ്ജമായിട്ടില്ല . പ്രവർത്തന സജ്ജമാക്കുന്നതിനായി 2021-22 വർഷം വാങ്ങി നൽകിയ 15 കട്ടിലുകൾ ഒന്നാം നിലയിലെ അടച്ചുറപ്പില്ലാത്ത ഹാളിൽ സൂക്ഷിച്ചിരിക്കുന്നതായി സ്ഥല പരിശോധനയിൽ കണ്ടു. നിലവിൽ ചുറ്റുമതിലില്ലാത്ത പകൽ വീട് കെട്ടിടത്തിൽ സുരക്ഷക്കായി ഒരു വാതിൽ പോലും ഇല്ലാത്ത ഹാളിൽ ഫർണ്ണിച്ചറുകൾ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. ആയതിൽ രണ്ടു കട്ടിലുകൾ മഴ നനഞ്ഞ് പൂപ്പൽ വന്ന നിലയിലും ആണ്. നിലവിൽ വൈദ്യുതി കണക്ഷനോ വാട്ടർ കണക്ഷനോ കെട്ടിടത്തിൽ ലഭ്യമായിട്ടില്ല.



## 1-33 റോഡ് കണക്റ്റിവിറ്റി മാപ്പ്-തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011 ലെ സ.ഉ(എം.എസ്) 31/2011 /തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/19-10-22 നുള്ള മറുപടിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിലേക്കായി റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി KSREC തയ്യാറാക്കിയ ഓൺലൈൻ പ്ളാറ്റ് ഫോമായ ആർ ട്രാക്ക് വഴി ഫേസ് ഒന്നിൽ 20-21 വർഷം വിഭവ ശേഖരണം നടത്തിയിരുന്നതായും പ്രസ്തുത പ്രവൃത്തിയുടെ വെരിഫിക്കേഷൻ സംബന്ധിച്ച് ഫേസ്-1 നടപ്പാക്കുന്നതിലേക്കായി 2021-22 ൽ 14-9-22 ലെ വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 14-9-21 ലെ 4/11 നം തീരുമാന പ്രകാരം പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ഫേസ് 1 നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കണക്ടിവിറ്റി പ്ളാൻ, റോഡ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടുവെങ്കിലും വെരിഫിക്കേഷൻ (ഫേസ്-2), അപ്രൂവൽ (ഫേസ്-3) എന്നിവ കഴിയുന്നതോടെ മാത്രമെ കുറ്റമറ്റതും ആധികാരികവുമാവുമെന്ന അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-34 പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് -കരാറുകാരന് 18177 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് .

| | |
|---|---|
| പ്രോജക്റ്റ് നം. | 152/22( So) |
| പ്രോജക്റ്റിന്റെ പേര് | കല്ലറ ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണം |
| അടങ്കൽ | 431992 |
| ചെലവ് | 325392 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| എ സി ആർ ബിൽ നം | 143/27-12-21 |
| കരാർ നം | 20/AE/LSGD/KLR/2019-20/30-11-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി 2019-20 ൽ രൂപീകരിച്ച 800000 അടങ്കലുള്ള പ്രവൃത്തിയിൽ തൻ വർഷം 325392 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. പദ്ധതിയുടെ എസ്റ്റിമേറ്റ് ഇനം 15 പ്രകാരം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി 16854 രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ഏതെല്ലാം ഇനം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്ന് ഫയലിൽ രേഖപ്പെടുത്തലില്ല. സ.ഉ. 2878/2015- തീയതി 22-09-2015 ൽ പരാമർശിക്കും വിധം പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 37/27-10-22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. കരാറുകാരന് അനുവദിച്ച ആദ്യ പാർട്ട് ബില്ലിൽ നിന്നും റി ടെൻഷൻ തുകയും, നിയമാനുസൃത നികുതികളും പിരിച്ചിട്ടില്ല.

3. അളവു പുസ്തകം 447/19 പേജ് 80 പ്രകാരം ഇനം 15 പ്രവൃത്തിയുടെ തുകയായ 16854 (പേജ് -73) ന്റെ നിരക്കുകൂടി ഉൾപ്പെട്ട 273675 രൂപയാണ് പ്രവൃത്തി മൂല്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പേജ് 84 ൽ വീണ്ടും ടി തുക ഉൾപ്പെടുത്തിയും (273675 +16854=290529) 290529 രൂപ പ്രവൃത്തി മൂല്യമായി തെറ്റായി രേഖപ്പെടുത്തി ടി തുകക്കുള്ള 12% ജി എസ് ടി കോംപൻസേഷൻ കൂടി ഉൾപ്പെടുത്തി അനുവദിച്ചും കാണുന്നു. ഇത്തരത്തിൽ തുക അനുവദിക്കാനിടയായത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം അനുവദിച്ച തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-35 പാഥേയം പദ്ധതി - രേഖകൾ ലഭ്യമല്ല ചെലവു തുക 1175040 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 79/22 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം |
| അടങ്കൽ | 1175040 |
| ചെലവ് | 1175040 |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ | 9/5-1-22-1175040 |

പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് 1175040 രൂപ കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്ത് കൈമാറാൻ ആവശ്യപ്പെട്ട തുകയുടെ വിശദാംശങ്ങൾ, ഗുണഭോക്തൃ ലിസ്റ്റ്, തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമായിരുന്നില്ല. രേഖകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 14/20-10-22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെക്കും 1175040 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 1-36 പഠന മുറി നിർമ്മാണം -മാർഗ്ഗ രേഖപ്രകാരമുള്ള നിബന്ധന പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 161/22 (So) |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി |
| അടങ്കൽ | 50000 |
| ചെലവ് | 50000 |
| ഫണ്ടിനം | ധന കാര്യ കമ്മീഷൻ ഗ്രാന്റ് |
| നം ബിൽ നം | 12/19-11-21-50000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

എ. പതിമൂന്നാം സബ്സിഡി മാർഗ്ഗരേഖ സ ഉ 22/18 ത സ്വ ഭ വ പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടു ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠന മുറി നിർമ്മിക്കാവുന്നതാണെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഫയലിൽ ലഭ്യമായ രേഖകളിൽ നിലവിലുള്ള ഭവനത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. വാല്യുവേഷൻ സ്റ്റേറ്റ്മെന്റിൽ നിർമ്മിച്ച പഠന മുറിയുടെ വിസ്തീർണ്ണം എത്രയാണെന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

ബി. ആനുകൂല്യം ലഭിച്ച വിധുൽ വി. വി, വിധുൽ ഭവൻ എന്ന വിദ്യാർഥിക്ക് ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഫയലിലില്ല.
സി. ആനുകൂല്യം ലഭിച്ചവരുടെ പേരു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-36-1 പഠന മുറി - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 41/22 (New) |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർഥികൾക്ക് പഠന മുറി |
| അടങ്കൽ | 500000 |
| ചെലവ് | 350000 |
| ഫണ്ടിനം | വികസന ഫണ്ട് ( എസ് സി പി) |

| | |
|---|---|
| എ സി ആർ ബിൽ നം | 112/25-11-21-100000 |
| | 157/4-1-22-25000 |
| | 165/15-1-22-50000 |
| | 195/1-2-22-100000 |
| | 210/15-2-22-50000 |
| | 285/19-3-22-25000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ് സി വിദ്യാർഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

എ. പദ്ധതി പ്രകാരം അഞ്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട് . ആയതിൽ സിന്ധു എം, (രശ്മി രമേശ്) വനത്തിൽ വീട്, മുളു വിള എന്നവർക്ക് ആദ്യ ഗഡുവായി 50000 രൂപ ക്രമ നമ്പർ 3 ബിൽ പ്രകാരവും , സുനിത പി എം (അശ്വനി . എ. എസ്.) ചരുവിള പുത്തൻ വീട്, വാഴപ്പണ, എന്നവർക്ക് 50000 രൂപ ക്രമ നം 4 ബിൽ പ്രകാരവും നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല.

ബി. പഠന മുറിയുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരം ഫയലിലില്ല. ആയതിനാൽ തന്നെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച അളവിനെ അധികരിച്ച് നിർമ്മാണം നടത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സി. ആനുകൂല്യം കൈപ്പറ്റിയ വിദ്യാർഥികൾക്ക് ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഇതേ ഇനത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ഫയലിലില്ല.

ഡി. ആനുകൂല്യം ലഭിച്ചവരുടെ പേരു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇ. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ 22/18 ത സ്വ ഭ വ ഖണ്ഡിക 7.2.17 പ്രകാരം പഠന മുറി നിർമ്മാണത്തിന് 200000 രൂപ അനുവദിക്കാണെന്നിരിക്കെ 100000 രൂപ ധന സഹായം അനുവദിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത് .

മേൽ പറഞ്ഞ അപാകങ്ങൾ ചൂണ്ടികാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം 14/14-10-22 ന് മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മാലിന്യ സംസ്കരണ പദ്ധതികൾപൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല .

1.പ്രോജക്റ്റ് നം-148/22

പ്രോജക്ടിന്റെ പേര് - കല്ലറ ഗ്രാമ പഞ്ചായത്ത് ഓഫീസ് , സ്കൂളുകൾ എന്നിവിടങ്ങളിൽ തുമ്പൂർ മുഴി മോഡൽ മാലിന്യ സംസ്കരണം

അടങ്കൽ -1440000( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമ പഞ്ചായത്ത് ഓഫീസ്, സ്കൂളുകൾ എന്നിവിടങ്ങളിൽ തുമ്പൂർ മുഴി മോഡൽ മാലിന്യ സംസ്കരണത്തിനായി 2018-19 വർഷം ഭരണാനുമതി ലഭിച്ച 1800000 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയാണിത്. 20-12-2018- ലെ 1/2 കമ്മിറ്റി തീരുമാന പ്രകാരം പ്രോജക്റ്റ് നം 98/19 ആയി അക്രഡിറ്റഡ് ഏജൻസിയായ IRTC മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചു. 2021-22 വർഷം പദ്ധതിയിൽ ചെലവില്ല. 2019-20 വർഷം ആദ്യ ഗഡുവായ 360000 രൂപ അഡ്വാൻസായി നിർവ്വഹണ ഏജൻസിയായ IRTC ക്ക് നൽകുകയുണ്ടായി. 2020-21 വർഷം എം ബുക്ക് പ്രകാരം 316595 രൂപയുടെ ചെലവുണ്ടെങ്കിലും തൻ വർഷത്തെ സുലേഖ ചെലവു പത്രികയിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല. പകരം പദ്ധതിയുടെ ചെലവ് തെറ്റായി 20-21 ലെ പ്രോജക്റ്റ് നം 236/21 (കല്ലറ മാർക്കറ്റ്, സി എച്ച് സി എന്നിവിടങ്ങളിൽ തുമ്പൂർ മുഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ) ന്റെ ചെലവായി തെറ്റായി രേഖപ്പെടുത്തുകയാണ് ചെയ്തത് (ഫണ്ട് മാറി ചെലവഴിച്ചതിനെ കുറിച്ച് 20-21 ഓ. റി-ഖണ്ഡിക 1-32 പരാമർശിച്ചിട്ടുണ്ട് ). 19-20 , 20-21 വർഷങ്ങളിലായി ആകെ 676595 രൂപ IRTC ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആകെ കല്ലറ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ മാത്രമാണ് മാലിന്യ സംസ്കരണ കേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 33/26-10-22 ന് കല്ലറ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ നിർമ്മാണം നടത്താൻ സാധിച്ചില്ല എന്ന് മറുപടി ലഭ്യമായി. പഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്ഥാപിച്ച സംസ്കരണകേന്ദ്രം നിലവിൽ

പ്രവർത്തന ക്ഷമമല്ല നിലവിൽ പഞ്ചായത്ത് ഓഫീസിലെ ജൈവ, അജൈവ മാലിന്യങ്ങളെല്ലാം തന്നെ ഓഫീസിന് പിറകു വശത്തായി നിക്ഷേപിച്ച നിലയിലാണ് (ചിത്രം താഴെ). മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.





2.പ്രോജക്ട് നം-150/22

അടങ്കൽ -933405

ചെലവ്-108606( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം 331/ 30-3-22

കല്ലറ മാർക്കറ്റ്, കല്ലറ സി എച്ച് സി എന്നിവിടങ്ങളിൽ തുമ്പൂർ മൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2019-20ൽ 118/20 -ം നമ്പറായി 1250000 അടങ്കൽ തുക വകയിരുത്തി പദ്ധതിക്ക് ഇ -ടെണ്ടർ, റീ ഇ -ടെണ്ടർ എന്നിവ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഷംനാദ് എന്ന കരാറുകാരനാണ് കരാർ നൽകിയിരിക്കുന്നത്. 2020-21 വർഷം 236 /21 ആയി ഉൾപ്പെടുത്തിയിരുന്ന പദ്ധതിയിൽ എം ബുക്ക് പ്രകാരം 576990 രൂപ ചെലവുണ്ടായിരുന്നു. എന്നാൽ, സുലേഖ ചെലവു പത്രികയിൽ പ്രോജക്ട് നം 204/21(149/22) ന്റെ ചെലവായി തെറ്റായി രേഖപ്പെടുത്തുകയും (316595 രൂപ) ചെയ്തു (ഫണ്ട് മാറി ചെലവഴിച്ചതിനെ കുറിച്ച് 20-21 ഓ. റി-ഖണ്ഡിക 1-32 പരാമർശിച്ചിട്ടുണ്ട്). 21-22 വർഷം പദ്ധതിയിൽ 108606 രൂപ ചെലവുണ്ട്. നം 63/AE 19-20 തിയ്യതി 11-3-20 ആയി കരാർ വച്ച പ്രവൃത്തി സാങ്കേതികാനുമതി പ്രകാരം 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നിട്ടും 30-12- 21 ന മാത്രമാണ് പൂർത്തീകരിച്ചത്. കാലയളവ് നീട്ടുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല . എന്നിരുന്നിട്ടും കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. നിലവിൽ സി എച്ച് സിയിൽ മാത്രമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. കല്ലറ മാർക്കറ്റിൽ ടി പ്രവർത്തി ചെയ്തിട്ടില്ല . കല്ലറ മാർക്കറ്റിൽ തുമ്പൂർ മുഴി മോഡൽ സ്ഥാപിക്കുന്നതിനായി മാത്രം പദ്ധതി നം 149/22 വിഭാവനം ചെയ്തിട്ടുണ്ടെന്നിരിക്കെ ആയത് ഈ പദ്ധതിയിലുൾപ്പെടുത്തിയത് എന്തിനാണെന്ന് വ്യക്തമല്ല. സി എച്ച് സിയിൽ സ്ഥാപിച്ചിരിക്കുന്ന യൂണിറ്റുകളെല്ലാം തന്നെ പ്രവർത്തന ക്ഷമമായിട്ടില്ല. 28-10-22 ന നടത്തിയ പരിശോധനയിൽ 8 യൂണിറ്റുകളിൽ 2 എണ്ണം മാത്രമാണ് ഉപയോഗിക്കുന്നത്. മറ്റുള്ളവയിൽ ചിലതിൽ വസ്ത്രങ്ങൾ വിരിച്ചിട്ട നിലയിലും ഉപകരണങ്ങൾ സൂക്ഷിച്ച നിലയിലും ആണ് കണ്ടത്. നിലവിലുണ്ടാവുന്ന മാലിന്യം നിക്ഷേപിച്ച ബിന്നുകൾ കണ്ടില്ല. രണ്ടെണ്ണത്തിൽ വളം ആയി മാറിയ മിശ്രിതം കാണാൻ കഴിഞ്ഞു.




3. കല്ലറ പബ്ളിക്ക് മാർക്കറ്റിൽ തുമ്പൂർ മുഴി മോഡൽ മാലിന്യ സംസ്കരണ പദ്ധതി ഉപേക്ഷിക്കാറായ നിലയിൽ

പ്രോജക്ട് നം-149/22

അടങ്കൽ -383010

ചെലവ്- ഇല്ല ( കേന്ദ്രാവിഷ്കൃത ഫണ്ട്)

കല്ലറ മാർക്കറ്റിൽ തുമ്പൂർ മുഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2018-19ൽ 1200000 രൂപ അടങ്കൽ വച്ച് കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് അക്രഡിറ്റഡ് ഏജൻസി മുഖേന ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. 6/3/19 ൽ 47/AE/LSGD/KLR കരാർ വച്ചതിൻ പ്രകാരം 30-12-19 ന് 240000രൂപ അഡ്വാൻസായി IRTC ക്ക നൽകുകയും ചെയ്തിട്ടുണ്ട്. 20-21 വർഷം ടി പദ്ധതിക്ക് ഫയൽ പ്രകാരം ചെലവില്ലെങ്കിലും തൻ വർഷത്തെ സുലേഖ പ്രകാരം 576990 രൂപ ചെലവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നം 236/21 ന്റെ ചെലവ് സുലേഖ പ്രകാരം ഈ പദ്ധതിയിലെ ചെലവായി തെറ്റായി രേഖപ്പെടുത്തുകയാണ് ഉണ്ടായത്.(ഫണ്ട് മാറി ചെലവഴിച്ചതിനെ കുറിച്ച് 20-21 ഓ. റി-ഖണ്ഡിക 1-32 പരാമർശിച്ചിട്ടുണ്ട്) തൻ വർഷം പദ്ധതി നടപ്പിലാക്കാത്തതിനെ കുറിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 149/22 നം പദ്ധതി

നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള കല്ലറ മാർക്കറ്റിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 4.50 കോടി രൂപ ചെലവിൽ അത്യാധുനിക സംവിധാനത്തോടെ മൽസ്യ വിപണന മാർക്കറ്റ് അനുവദിക്കുകയും അതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയും, പ്രസ്തുത പദ്ധതിയിൽ മാലിന്യ സംസ്കരണത്തിനായി ബയോ ഗ്യാസ് പ്ളാന്റും അനുബന്ധ സൌകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയതനാൽ മേൽ പദ്ധതിയുടെ ആവശ്യകത ഇല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത് . 28-10- 22 ൽ നടത്തിയ സ്ഥല പരിശോധനയിൽ മാലിന്യം നിറച്ച കവറുകൾ നിലവിലുള്ള എം സി എഫി ന പുറത്ത് നിറഞ്ഞു കിടക്കുന്ന നിലയിൽ കണ്ടു. പദ്ധതി പ്രകാരം നിർവ്വഹണ ഏജൻസിക്കു മുൻ വർഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



## 1-38 ഇ ടെണ്ടർ ഫോം വില ലഭ്യമായിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർ ഫീസിനത്തിൽ202-22 വർഷം 100325/- രൂപ ലഭിക്കാനുണ്ടെന്നും ടി തുക ലഭിക്കുന്നതിനായി ജില്ലാപഞ്ചായത്തിൽ കത്തു നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം. 2ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർഫോറമിനത്തിൽ ലഭ്യമാക്കാനുള്ള തുക ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. കല്ലറ ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 3 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.8/020.10.2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ടേക്ക് എ ബ്രേക്ക് സമുച്ചയത്തിനൊപ്പമുള്ള കഫറ്റേരിയ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല

എ.

| | |
|---|---|
| പ്രോജക്റ്റ് നം | 144/22( So) |
| പ്രോജക്റ്റിന്റെ പേര് | ടേക്ക് എ ബ്രേക്ക് - കല്ലറ ബസ് സ്റ്റാന്റ് ടോയ്ലറ്റ് നവീകരണം |
| അടങ്കൽ | 156676 |
| ചെലവ് | 140191 |
| ഫണ്ടിനം | തനത് ഫണ്ട് , കേന്ദ്രാവിഷ്കൃത ഫണ്ട് |

പദ്ധതി പ്രകാരംകല്ലറ ബസ് സ്റ്റാന്റിലെ നിലവിലുള്ള ടോയ് ലറ്റ് ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി 300000 രൂപ അടങ്കൽ വച്ച് 2020-21 വർഷം ആരംഭിച്ച പദ്ധതിയാണിത്. പദ്ധതിയുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ട താഴെ പറയുന്ന കാര്യങ്ങളിൽ അപാകങ്ങൾ കണ്ടു.

1. ടെണ്ടർ നോട്ടീസ് ഫയലിലില്ല.

2. ആകെ ഒരു ടെണ്ടർ ലഭിച്ചതിന്റെ വിവരം മാത്രമാണ് ഫയലിലുള്ളത് (കരാറുകാരൻ ഷിയാസ്). ഏക ടെണ്ടർ ലഭിക്കുന്ന വേളയിൽ ജി ഒ (പി) 324/2015 തീ-30-7-15 പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

3. റ്റി എസ് നം 80403/20-21 പ്രകാരം 4 മാസം ആണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. എഗ്രിമെന്റ് നം 63/AE *LSGD*KLR/20-21 തി-29-12-20 പ്രകാരം കരാറു വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 15-07-21 നാണ്. പ്രവൃത്തി പൂർത്തീകരികരിക്കാൻ സമയം ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയതായി ഫയലിൽ രേഖയില്ല. പ്രവൃത്തി പൂർത്തീകരണത്തിനായി കാല താമസം വരുത്തിയ കരാറുകാരനിൽ നിന്നും പൊതു മരാമത്ത് മാനുവൽ 2012- സെക്ഷൻ 2112, സർക്കുലർ നം 2/223/15 ത സ്വ ഭ വ തീ-18-8-2018 എന്നിവ പ്രകാരം പിഴ ഈടാക്കിയിട്ടില്ല.

4. ടി പ്രവൃത്തിയുടെ പാർട്ട് ബിൽ നൽകിയ തുകയിൽ നിന്നും റീ ടെൻഷൻ തുകയും ആയതിനനുസൃതമായ നികുതികളും ഈടാക്കിയിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്.( 14-9-21 ലെ 10/1 തീ).

6. പ്രോജക്റ്റ് നം 278/22 (So) ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തിയാക്കിയ ശൌചാലയ സമുച്ചയത്തോടു ചേർന്നുള്ള കഫറ്റേരിയ നിലവിൽ പ്രവർത്തന ക്ഷമമല്ല. ആയത് പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.



മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 36 /27-10-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാൻ വന്ന കാലതാമസത്തിന് പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും കഫറ്റേരിയ പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1- 41 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്കുകളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല 2772518 /-രൂപ തടസ്സം ചെയ്യുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ 2021-22 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്കുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | സുലേഖ പ്രകാരമുള്ള |
|---|---|---|
| 1 | 234 മുതുവിള അങ്കണവാടി വിഹിതം നൽകൽ | 580000 |
| 2 | 228, ചെറുവാളം അങ്കണവാടി വിഹിതം നൽകൽ | 218814 |
| 3 | 250, കഴുകൻ പച്ച അങ്കണവാടി വിഹിതം നൽകൽ | 226499 |
| 4 | 235, പഴയ ചന്ത അങ്കണവാടി വിഹിതം നൽകൽ | 580000 |
| 5 | 236,മിതൃമല അങ്കണവാടി വിഹിതം നൽകൽ | 580000 |
| 6 | നെടും തേരി അങ്കണവാടി വിഹിതം നൽകൽ | 237205 |
| 7 | തെങ്ങുംകോട് അങ്കണവാടി വിഹിതം നൽകൽ | 350000 |
| | ആകെ | 2772518 |

ഇത് സംബന്ധിച്ച ഓഡിറ്റ് റിക്വിസിഷൻ 2ന് ഫയലുകൾ ജില്ലാ പഞ്ചായത്തിൽ ആയതിനാലാണ് ലഭ്യമാക്കാത്തതെന്നും ഫയൽ കിട്ടുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 2772518 /- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 ബ്ളോക്ക് പഞ്ചായത്ത് കൈമാറിയ ബ്രിക്സ് യൂണിറ്റ് ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടില്ല

25-6-21 തിയ്യതിയിലെ അജണ്ട 4 തീരുമാനം 5 പ്രകാരം കല്ലറ ഗ്രാമ പഞ്ചായത്തിന് വാമനപുരം ബ്ളോക്ക് കൈമാറിയ ബ്രിക്സ് യൂണിറ്റ് ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 45/28-10-22നു മറുപടിയായി ഹോളോ ബ്രിക്സ് മെഷീൻ നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നും മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

28-10-22 ന നടത്തിയ സ്ഥല പരിശോധനയിൽ മെഷീൻ പഞ്ചായത്തിൽ സൂക്ഷിച്ചതായി കണ്ടു.



## 1-43 ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് വഴി 2018-19 വർഷം -നടപ്പിലാക്കിയ പദ്ധതി പ്രകാരം നിർമ്മിച്ചതായ ഗ്യാസ് ക്രിമിറ്റോറിയം നിലവിൽ പ്രവർത്തിക്കുന്നില്ല. 28-10-2022 ൽ നടത്തിയതായ സ്ഥല പരിശോധനയിൽ ക്രിമിറ്റോറിയം പ്രവർത്തിക്കുന്നതിനുള്ള മോട്ടോർ (50000 രൂപ വിലയുള്ളത്), അലുമിനിയം മയ്യപ്പെട്ടി എന്നിവ നഷ്ടപ്പെട്ടതായി ബോധ്യപ്പെട്ടു. ആയതിൽ 11-07-22 ന് പാങ്ങോട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പാലോട് പോലീസ് ക്രൈം നം 376/2022 നമ്പറായി കേസ് രജിസ്റ്റർ ചെയതിട്ടുള്ളതായി കണ്ടു. ക്രിമിറ്റോറിയം സുസജ്ജമാക്കി സുരക്ഷിതമാക്കി പ്രവർത്തനം ആരംഭിക്കേണ്ടതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം ജാഗ്രതയോടെ ചെയ്യേണ്ടതും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.



## 1-44 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ; ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിലും വിതരണം ചെയ്തതിലും വ്യാപകമായ പൊരുത്തക്കേട്

ഗ്രാമ പഞ്ചായത്തിലെ ICDS സൂപ്പർവൈസർ നിർവ്വഹിച്ച വിവിധ പദ്ധതികൾ പരിശോധിച്ചതിൽ ഭക്ഷ്യ വസ്തുക്കളും ടി. എച്ച്. ആർ. എസ് മിശ്രിതവും സ്റ്റോക്കിലെടുത്തതിലും വിതരണം ചെയ്തിരിക്കുന്നതിലും വ്യാപകമായ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആകെയുള്ള 28 അങ്കണവാടി യൂണിറ്റുകളിൽ 11 അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററും അനുബന്ധ രേഖകളും മാത്രമാണ് പരിശോധനാ വിധേയമാക്കിയിട്ടുള്ളത്. (സെന്റർ നം. 100, 101, 102, 103, 104, 105, 111, 113, 114, 120, 126 എന്നിവ) . പരിശോധിച്ച രജിസ്റ്ററുകളിൽ ഭക്ഷ്യ വസ്തുക്കളുടെ വിതരണം സംബന്ധിച്ച് രേഖപ്പെടുത്തൽ നടത്തുന്നതിൽ ഏകീകൃതമായ ഒരു രീതിയല്ല അവംലംബിച്ചിരിക്കുന്നത്. (ഉദാ . ചില യൂണിറ്റുകൾ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്. വിതരണം സംബന്ധിച്ച് വിശദമായ രേഖപ്പെടുത്തൽ ഇല്ല) . ഭൂരിഭാഗം രജിസ്റ്ററുകളിലും വ്യാപകമായി വൈറ്റ്നർ ഉപയോഗിച്ച് തിരുത്തലുകൾ വരുത്തുകയും യാതൊരു വിധ സാക്ഷ്യപ്പെടുത്തലുമില്ലാതെ വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുമുണ്ട്. (ഉദാ. Centre 105- ഒക്ടോബർ 2021, ICDS സ്റ്റോക്ക് രജിസ്റ്റർ -പേജ് നം 100, 96, സെന്റർ 105 ന്റെ THRS രജിസ്റ്റർ -നവംബർ 2021). ചില യൂണിറ്റുകൾ രജിസ്റ്ററുകളിൽ തുടർച്ചയായി രേഖപ്പെടുത്തൽ നടത്തിയിട്ടുമില്ല. (ഉദാ. സെന്റർ 105 ന്റെ ഫുഡ് ഇഷ്യൂ സ്റ്റോക്ക് രജിസ്റ്റർ, സെന്റർ 120 ന്റെ THRS സ്റ്റോക്ക് രജിസ്റ്റർ). ലക്ഷക്കണക്കിന് രൂപയുടെ ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുമ്പോൾ ആയതിന്റെ വിതരണം സംബന്ധിച്ചുള്ള ആധികാരിക രേഖയായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ തീർത്തും അശ്രദ്ധമായാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. രജിസ്റ്ററുകളിലെ പൊരുത്തക്കേടുകളും മറ്റ് അപാകങ്ങളും സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) സെന്റർ നം 101 (വളക്കുഴിപ്പച്ച)-ഫുഡ് സ്റ്റോക്ക് രജിസ്റ്റർ അപൂർണമാണ്. ഫുഡ് സ്റ്റോക്ക് രജിസ്റ്ററിൽ ജൂൺ 2020 ന ശേഷം മാർച്ച് 2022 നാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. ഇക്കാലയളവിൽ ലഭിച്ച ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ യാതൊന്നും തന്നെ നടത്തിയിട്ടില്ല. ഐ. സി. ഡി. എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇക്കാലയളവിൽ പ്രസ്തുത സെന്ററിന് വിഹിതമായി ഭക്ഷ്യ വസ്തുക്കൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | ഗോതമ്പ് | പയർ | കടല | കപ്പലണ്ടി | എണ്ണ | ആട്ട | റാഗി | ശർക്കര |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സപ്ലൈകോ Goods Issue Sheet No-0102102/ 202308 Dtd -22.03.21<br>(Bill No.1/21-22) – 153408 /-( Out Of 253226) | 50 | 10 | 15 | 8 | 8 | 16 | 16 | 8 |
| June 2021<br>സപ്ലൈകോ Goods Issue Sheet No-0102102/ 21377 Dtd -10.06.21<br>(ബിൽ നം. 2/2021-22 - 242138) | 25 | 10 | 10 | 3 | 6 | 20 | 20 | 10 |
| സപ്ലൈകോ Goods Issue Sheet No-0102102/ 21990 Dtd -28-09-21<br>(ബിൽ നം . 9/21-22- 221677/- ) | 25 | 25 | 10 | 10 | 4 | 6 | 10 | 5 |

I) ബിൽ നം 11/21-22- 204743/- (Part Bill) സപ്ലൈകോ Goods Issue Sheet No-0102102/ 211622 Dtd 1-1-22 ( 255913/-), Ii) ചെക്ക് നം. 586910/ 5-3-2022 -384655 [ 1) സപ്ലൈകോ Goods Issue Sheet No-0102102/211832 Dtd -21-2-2022 333485, 2)സപ്ലൈകോ Goods Issue Sheet No-0102102/ 211622 Dtd 1-1-2022 -Rs. 255913] എന്നീ ബില്ലുകൾ പ്രകാരമുള്ള ഭക്ഷ്യ വസ്തുക്കളുടെ വിതരണത്തിലും ടി അപാകം ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

B) പാരമുകൾ, എ. കെ.ജി കോളനി , പാട്ടറ (102, 103, 104) എന്നീ സെന്ററുകൾ വിവിധ ബില്ലുകൾ വഴി 2021-22 സാമ്പത്തിക വർഷം ICDS സൂപ്പർവൈസർ സ്റ്റോക്കിലെടുത്ത ഭക്ഷ്യ വസ്തുക്കളുടെ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക്, വിതരണം, നീക്കിയിരിപ്പ് എന്നിവയുടെ സംക്ഷിപ്തം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം സംബന്ധിച്ച് മറ്റ് വിശദാംശം ലഭ്യമല്ല. ICDS സൂപ്പർവൈസർ പ്രസ്തുത രേഖകൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കൃത്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ലാത്ത ഭക്ഷ്യ വസ്തുക്കളുടെ വിഹിതം സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | സെന്റർ നം | ഗോതമ്പ് | പയർ | കടല | കപ്പലണ്ടി | എണ്ണ | ആട്ട | റാഗി | ശർക്കര |
|---|---|---|---|---|---|---|---|---|---|
| ബിൽ നം 2/2021-22 - 242138<br>June 2021<br>സപ്ലൈകോ Goods Issue Sheet No-0102102/ 21377 Dtd -10.06.21 | 102 | 25 | 5 | 10 | 3 | 3 | 12 | 12 | 6 |
| | 103 | 50 | 10 | 5 | 5 | 8 | 20 | 20 | 10 |
| | 104 | 25 | 10 | 10 | 2 | 4 | 26 | 26 | 13 |
| 9/21-22- 221677/-<br>സപ്ലൈകോ Goods Issue Sheet No-0102102/ 21990 Dtd -28-09-21 | 102 | 25 | 5 | 15 | 4 | 4 | 12 | 12 | 6 |
| | 103 | 80 | 15 | 5 | 5 | 6 | 20 | 20 | 10 |
| | 104 | 25 | 10 | 5 | 1 | 6 | 26 | 26 | 13 |

- സെന്റർ നം. 102,104 എന്നിവ ഡിസംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ ഓരോ കുട്ടികൾക്കും വിതരണം ചെയ്ത THRS മിശ്രിതത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല.

C) സെന്റർ 105- പാൽകുളം

- സപ്ലൈകോ Goods Issue Sheet No-0102102/ 202308 Dtd -22.03.21(Bill No.1) – 153408 /-( 253226) April 2021-(ബിൽ നം. 1/2021-22-153408) പ്രകാരം ലഭ്യമായ സാധനങ്ങൾ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി അങ്കണവാടി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്റ്റോക്കിലെടുത്തതായി ഒരു നോട്ട്ബുക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും ICDS സൂപ്പർവൈസർ പ്രസ്തുത രേഖകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ നീക്കിയിരിപ്പ്, മുൻബാക്കി എന്നിവ പൊരുത്തപ്പെടുന്നില്ല. മാർച്ച് മാസം സ്റ്റോക്കിലെടുത്ത ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തിരിക്കുന്നത് മെയ് മാസത്തിലാണ്. എന്നാൽ ഓരോ ഇനത്തിന്റെയും മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല. വിതരണ ശേഷമുള്ള നീക്കിയിരിപ്പിലും വ്യക്തത ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിതരണം ചെയ്ത ഇനം | ലഭിച്ചത് | വിനിയോഗിച്ചത് (രജിസ്റ്ററിലെ വിതരണം സംബന്ധിച്ചുള്ള രേഖപ്പെടുത്തൽ പ്രകാരം) | വിനിയോഗിച്ചതിന്റെ ആകെ അളവായി രേഖപ്പെടുത്തിയിരിക്കുന്നത് | നീക്കിയിരിപ്പ് (രജിസ്റ്റർ പ്രകാരം) | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ഗോതമ്പ് | 25 | 15 (1.25x12) | 6.35 | 0 | 10 | 10 Kg |
| 2 | കപ്പലണ്ടി | 5 | 3 (250gx 12) | 1.250 | 2.50 | 2 | .5 Kg |
| 3 | കടല | 10 | 0 | 0 | 0 | 10 | 10 Kg |
| 4 | പയർ | 5 | 0 | 0 | 0 | 5 | 5 Kg |
| 5 | റാഗി | 20 | 0 | 0 | - | 20 | 20 Kg |
| 6 | ആട്ട | 20 | 0 | 0 | - | 20 | 20 Kg |
| 7 | ശർക്കര | 10 | 0 | 0 | - | 10 | 10 |

- സപ്ലൈകോ Goods Issue Sheet No-0102102/ 21377 Dtd -10.06.21 (ബിൽ നം. 2/2021-22 - 242138) പ്രകാരം ജൂൺ മാസം 9 കിലോ ശർക്കര സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയതിന്റെ മുന്നിരിപ്പ്, വിതരണം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ചുള്ള രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. എന്നാൽ തൊട്ടടുത്ത മാസമായ ജൂലൈ 2021 ൽ ശർക്കരയുടെ മുന്നിരിപ്പ് 5.5 Kg എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിതരണം സംബന്ധിച്ച് വ്യക്തതയില്ല.
- THRS രജിസ്റ്ററിൽ ഏപ്രിൽ, ജൂൺ എന്നീ മാസം വിതരണം ചെയ്ത ന്യൂട്രി മിക്സിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. (ബിൽ നം. 3/2021-22 -322762 1.Vemix Nutrimix-Invoice No-31/23.04.21 Rs-110985/-1470kg THRS, 2.Vemix Nutrimix-Invoice No-38/02.06.21 Rs-108267/-1434kg THRS, 3.Vemix Nutrimix-Invoice No-52/16.07.21 Rs-103510/-1371kg THRS).
- ബിൽ നം 11/21-22- 204743/- (Part Bill) / സപ്ലൈകോ Goods Issue Sheet No-0102102/ 211622 Dtd 1-1-22 (255913/-) പ്രകാരം ഡിസംബർ മാസം ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും സംക്ഷിപ്തം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി സംക്ഷിപ്തത്തിൽ മുന്നിരിപ്പ്- വിതരണം - നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ ഉണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിതരണം ചെയ്ത ഇനം | ലഭിച്ചത് | വിനിയോഗിച്ചത് (രജിസ്റ്റർ പ്രകാരം) | വിനിയോഗിച്ചതിന്റെ ആകെ അളവായി രേഖപ്പെടുത്തി യിരിക്കുന്നത് | നീക്കിയിരിപ്പ് (രജിസ്റ്റർ പ്രകാരം) | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | പയർ | 10 Kg (ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് 6 Kg ആണ്) | 2.625 | 2.625 | 7.05 * | 7.375 | .325 Kg |
| 2 | ഗോതമ്പ് | 50 Kg (ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത് 25 Kg ആണ്.) | 10.250 | 10.250 | 31.390 | 39.75 | 8.36 Kg |

* ടി നീക്കിയിരിപ്പ് തൊട്ടടുത്ത മാസം Carry Forward ചെയ്തിട്ടില്ല. ജനവരി മാസത്തെ രേഖപ്പെടുത്തലിൽ മുന്നിരിപ്പ് ഇല്ല എന്നാണ്

കാണിച്ചിരിക്കുന്നത്.

- ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ ടി.എച്ച്.ആർ.എസ് വിതരണം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല.

D) സെന്റർ നം 111 - (നെടുംതേരി)- അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയിട്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ മുന്നിരിപ്പ് - വിതരണം- നീക്കിയിരിപ്പ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയ നോട്ട്ബുക്കിൽ ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ചുള്ള വിശദാംശം ലഭ്യമല്ല. ഹാജരാക്കിയ THRS സ്റ്റോക്ക് രജിസ്റ്ററിലും വിതരണം നടത്തിയതിന്റെ അളവുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

E) സെന്റർ നം 113 (ചന്തത്തടം)- THRS സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. അംഗീകരിക്കപ്പെട്ട മാതൃകയിലുള്ള അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. പകരം ലഭ്യമാക്കിയ മുന്നിരിപ്പ്-ലഭ്യമായത് - നീക്കിയിരിപ്പ് എന്നിവയുടെ സംക്ഷിപ്തം മാത്രം രേഖപ്പെടുത്തിയ രജിസ്റ്ററിൽ ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

F) സെന്റർ നം . 114 (പരപ്പിൽ ) - വിതരണം സംബന്ധിച്ചുള്ള രേഖപ്പെടുത്തൽ നടത്തിയ രജിസ്റ്റർ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മുന്നിരിപ്പ് - ലഭ്യമായത്- നീക്കിയിരിപ്പ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തിയിട്ടുള്ള ഒരു നോട്ട് ബുക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും 2021 സെപ്റ്റംബർ മാസം മുതലുള്ള വിവരങ്ങൾ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

- ഹാജരാക്കിയ THRS സ്റ്റോക്ക് രജിസ്റ്ററിൽ ഏപ്രിൽ മാസത്തെ സ്റ്റോക്ക് , വിതരണം എന്നിവ ചേർത്തിട്ടില്ല. 2021 മാർച്ച് മാസത്തെ രേഖപ്പെടുത്തലിനു ശേഷം 2021 മെയ് മാസത്തെ രേഖപ്പെടുത്തലുകളാണ് നടത്തിയിരിക്കുന്നത്.

G) സെന്റർ 120 (നീറുമൺകടവ് ) - അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. പകരം ലഭ്യമാക്കിയിട്ടുള്ള രജിസ്റ്ററിൽ മുന്നിരിപ്പ് - ലഭ്യമായത്- നീക്കിയിരിപ്പ് എന്നിവയുടെ സംക്ഷിപ്തം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ടി സെന്ററിന്റെ ഇൻസ്പെക്ഷൻ ബുക്ക് പ്രകാരം 23-12-2021 ഇൽ വാമനപുരം CDPO സ്റ്റോക്ക് ഇറക്കിയതിൽ വ്യക്തമായ ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഇതിന്മേൽ സ്വീകരിച്ച തുടർനടപടി ലഭ്യമാക്കിയിട്ടില്ല.

- ബിൽ നം. 3/2021-22 -322762; (1.Vemix Nutrimix-Invoice No-31/23.04.21 Rs-110985/-1470kg THRS, 2.Vemix Nutrimix-Invoice No-38/02.06.21 Rs-108267/-1434kg THRS, 3.Vemix Nutrimix-Invoice No-52/16.07.21 Rs-103510/-1371kg THRS) പ്രകാരം 51 Kg THRS ഏപ്രിൽ മാസം സ്റ്റോക്കിലെടുത്തിട്ടുണ്ട്. 42 Kg ആണ് പ്രസ്തുത മാസം വിതരണം ചെയ്തിരിക്കുന്നത്. ബാക്കിയുള്ള 9 Kg സ്റ്റോക്ക് തൊട്ടടുത്ത മാസത്തേയ്ക്ക് Carry Forward ചെയ്തിട്ടില്ല.,
- ഇതേ ബിൽ പ്രകാരം ജൂൺ മാസം 51 കിലോയും ജൂലൈ മാസം 54 കിലോയും സ്റ്റോക്കിലെടുത്തിട്ടുണ്ട്. വിതരണം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല
- ബിൽ നം 8/ 21-22 - 208390 (1.Vemix Nutrimix-Invoice No-62/25.08.21 Rs-101459 , 1335 Kg THRS , 2.Vemix Nutrimix-Invoice No-70/04.10.21 – Rs- 106931 1407 Kg THRS) പ്രകാരം ആഗസ്റ്റ് മാസം വിതരണം ചെയ്ത ടി. എച്ച്. ആർ. എസ് സ്റ്റോക്കിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ഒക്ടോബർ മാസം ICDS സൂപ്പർവൈസറുടെ മെയിൻ ഇഷ്യൂ രജിസ്റ്റർ പ്രകാരം 73.5 കിലോ ന്യൂട്രി മിക്സ് ആണ് കൈമാറിയിട്ടുള്ളത്. എന്നാൽ സെന്ററിന്റെ THRS രജിസ്റ്റർ പ്രകാരം 30 കിലോയുടെ ന്യൂട്രി മിക്സ് ആണ് സ്റ്റോക്കിലെടുത്തിരിക്കുന്നത്.
- ബിൽ നം. 12/ 21-22 - 223052 (1.Vemix Nutrimix-Invoice No- 85/ 25-11-2021, Rs 107424 1413.5 Kg THRS 2.Vemix Nutrimix-Invoice No-91/21-12-21 – Rs- 115628 1531.5 Kg THRS) പ്രകാരം THRS സ്റ്റോക്കിലെടുത്തതിൽ ഒക്ടോബർ മാസത്തെ രേഖപ്പെടുത്തലിന് ശേഷം തൊട്ടടുത്ത ഷീറ്റിൽ മാസം രേഖപ്പെടുത്താതെ 19 കുട്ടികളുടെ പേര് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഇല്ല. ആയതിന് ശേഷം ജനവരി മാസത്തിൽ 19 കുട്ടികളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്ര THRS വിതരണം നടത്തി എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
- ബിൽ നം . 14/ 21-22 - 77238- ( 1.Vemix Nutrimix-Invoice No- 104/ 25-1-2022, Rs 112516 1480.5 Kg THRS) പ്രകാരം THRS സ്റ്റോക്കിലെടുത്തതിൽ ജനവരി മാസത്തിൽ 19 കുട്ടികളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്ര THRS വിതരണം നടത്തി എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഫെബ്രുവരി മാസത്തിലും ഇതേ പ്രവണത തുടർന്നിട്ടുണ്ട്.

H) സെന്റർ 126 (കോട്ടൂർ) - അങ്കണവാടി ഫുഡ് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയിട്ടുള്ള ഭക്ഷ്യ വസ്തുക്കളുടെ മുന്നിരിപ്പ് - ലഭ്യമായത്- നീക്കിയിരിപ്പ് എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയ നോട്ട് ബുക്കിൽ ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ചുള്ള വിശദാംശം ലഭ്യമല്ല.

- ബിൽ നം. 3/2021-22 - 322762 (1.Vemix Nutrimix-Invoice No-31/23.04.21 Rs-110985/-1470kg THRS, 2.Vemix Nutrimix-Invoice No-38/02.06.21 Rs-108267/-1434kg THRS 3.Vemix Nutrimix-Invoice No-52/16.07.21 Rs-103510/-1371kg THRS) പ്രകാരമുള്ള ഏപ്രിൽ മാസത്തെ സ്റ്റോക്ക് , ആയതിന്റെ വിതരണം എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല. 2021 മാർച്ച് മാസത്തെ രേഖപ്പെടുത്തലിനു ശേഷം 2021 ജൂൺ മാസത്തെ രേഖപ്പെടുത്തലാണ് നടത്തിയിരിക്കുന്നത്.

അനുബന്ധമായി ഹാജരാക്കിയ നോട്ടുബുക്കുകൾ ICDS സൂപ്പർവൈസറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാത്തതിനാൽ ആധികാരിക രേഖയായി അംഗീകരിക്കാൻ സാധിക്കുന്നതല്ല. മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 58/08-11-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരിശോധിച്ച ചുരുക്കം ചില അങ്കണവാടികളിൽ ഭൂരിഭാഗം ഇടങ്ങളിലും വ്യാപകമായ പൊരുത്തക്കേടുകളും അപാകങ്ങളും പ്രകടമാണ്. പ്രസ്തുത സാഹചര്യത്തിൽ പദ്ധതിയിനത്തിൽ വാങ്ങിയിട്ടുള്ള ഭക്ഷ്യ

വസ്തുക്കൾ അങ്കണവാടികൾ വഴി പൂർണമായും കാര്യക്ഷമമായും വിതരണം ചെയ്തിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. രജിസ്റ്ററുകളിൽ വ്യാപകമായി തിരുത്തലുകൾ വരുത്തിയിരിക്കുന്നതും ഗൗരവം അർഹിക്കുന്ന വിഷയമായി ഓഡിറ്റ് വീക്ഷിക്കുന്നു. സെന്റർ നം . 120 ന്റെ ഇൻസ്പെക്ഷൻ ബുക്ക് പ്രകാരം 23-12-2021 ഇൽ വാമനപുരം CDPO സ്റ്റോക്ക് ഇറക്കിയതിൽ വ്യക്തമായ ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. ടി സാഹചര്യത്തിൽ 2021- 22 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസറുടെ പദ്ധതികളിന്മേൽ കൂടുതൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. രജിസ്റ്ററുകളുടെ പരിപാലന സംബന്ധിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശം അങ്കണവാടി ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്റ്റിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 18, ക്ഷീരസമൃദ്ധി (ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി) | 162762 | 162762 | 0 |
| | 52 സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199500 | 199500 | 0 |
| ആകെ | | 362262 | 362262 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 18, ക്ഷീരസമൃദ്ധി (ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി) | 196965 | 196965 | 0 |
| | 52, സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199500 | 199500 | 0 |
| ആകെ | | 396465 | 396465 | 0 |

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 119750 | 362262 | 482012 | 362262 | 119750 | 119750 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 749614 | 396465 | 1146079 | 396465 | 749614 | 749614 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 115 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1545000 | 0 | 1545000 |
| കേരള വാട്ടർ അതോറിറ്റി | 211- വെള്ളംകുടി വാർഡ്- പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-രണ്ടാംഘട്ടം | 1000667 | 0 | 1000667 |
| കേരള വാട്ടർ അതോറിറ്റി | മുളവിള ഗ്രന്ഥശാലക്ക് കുടിവെള്ള കണക്ഷൻ | 50000 | 0 | 50000 |
| കെ.എസ്.ഇ.ബി | 14, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 109525 | 0 | 109525 |
| കെ.എസ്.ഇ.ബി | 188, മുളയിൽ കോണം അങ്കണവാടിയിലേക്ക് വൈദ്യുതി കണക്ഷൻ | 52391 | 0 | 52391 |

| | 20-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22 വർഷത്തെ നിക്ഷേപം (ചെലവ് പത്രിക പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 40149 | 161916 * | 202065 | .. | 202065 | 40149 |
| കേരള വാട്ടർ അതോറിറ്റി | 6919391 | 2595667 | 9515058 | .. | 9515058 | 7747622 |
| PWD | 4668884 | .. | 4668884 | 4640000 | 28884 | 28884 |

* ചെലവ് പത്രിക പ്രകാരമുള്ള ചെലവ് അക്കൗണ്ടിൽ മുൻകൂറായി ഉൾപ്പെടുത്തിയിട്ടില്ല (അപാകത 1-2-1 (11) ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| HUDCO ലോൺ | 51828570 | 3120000 | 54948570 | 4502667 | 50445903 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും മേൽവിലാസവും | രസീത് നം/തീ |
|---|---|---|---|---|---|
| 1 | 2012-13 | 3(1)<br>2.3 | 3600<br>1150 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | 2017-18 | 2-1(2)<br>3-6 | 2100<br>8016 | ലഭ്യമല്ല | ലഭ്യമല്ല |
| | | ആകെ | 14866 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | മാട്ടിറച്ചി വ്യാപാരം ലേലകുടിശികയിനത്തിൽ ഈടാക്കാൻ 4,33,334/- രൂപ ബാക്കി | റവന്യൂ റിക്കവറി |

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 21559096 |
| ഓഡിറ്റ് വർഷത്തെ വരവ് | 82154735 |
| ആകെ | 103713831 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79897472 |
| നീക്കിയിരിപ്പ് | 23816359 |
| വരവിനങ്ങളിലുള്ള നഷ്ടം | Nil |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | Nil |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7818228 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 981250 | ഡോ. ദീലീപ് ചന്ദ്രൻ, വെറ്ററിനറി സർജൻ<br><br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 85833 | ശ്രീ. നൈസാം. എസ്, സെക്രട്ടറി |
| 1-23 | 9440 | ബെറ്റി ജെ ടീസ സെക്രട്ടറി |
| 1-25 | 2595667 | കൃഷ്ണ കുമാർ . ഇ . എസ് സെക്രട്ടറി |
| 1-26 | 198480 | കൃഷ്ണ കുമാർ . ഇ . എസ് സെക്രട്ടറി |
| 1-35 | 1175040 | പ്രദീപ്. എസ്, |
| 1-41 | 2772518 | 7818228 |
| ആകെ | 7818228 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീപ്. എസ്, | അസിസ്റ്റന്റ് സെക്രട്ടറി | സരോവരം, മരുതമൺ, കല്ലറ പി.ഒ |
| ശ്രീമതി ബെറ്റി ജെ ടീസ സെക്രട്ടറി | സെക്രട്ടറി | |

| | | |
|---|---|---|
| ശ്രീ. നൈസാം. എസ്, സെക്രട്ടറി | സെക്രട്ടറി | നൂർമഹാൽ, അഞ്ചുപുര ലൈൻ, പെരിങ്ങമ്മല പി.ഒ |
| ഡോ. ദീലീപ് ചന്ദ്രൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വിശാഖ്, ടി,സി 26/746, ഊറ്റുകുഴി , തിരുവനന്തപുരം-1 |
| കൃഷ്ണ കുമാർ . ഇ . എസ് സെക്രട്ടറി | സെക്രട്ടറി | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | .... തീയ്യതിയിലെ കത്ത് പ്രകാരം( അദാലത്ത്) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/1829/2022 തീയതി 15.10.2022 | 3<br>(3-10, 3-11, 3-12) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/1829/2022 തീയതി 15.10.2022 | 6<br>(2-2, 3-3 (B), 3-6, 3-7, 3-12, 3-13) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/1829/2022 തീയതി 15.10.2022 | 8<br>(2-1, 2-4, 2-9 (B), 3-2, 3-4, 3-9, 3-15, 3-17) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/157/ 2019 തീയതി 27.04.2019 | 39 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/198/ 2020 തീയതി 02.06.2020 | 47 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി 10/362/2022 തീയതി 23.03.2022 | 41 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി 10/998/2022 തീയതി 30.06.2022 | 58 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്